കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

സേനാപതി ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: KSA-IDK-(12)-360/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 10/05/2022
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
സേനാപതി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : സേനാപതി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം സേനാപതി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA-IDK-(12)-360/2022 തീയ്യതി: 10/05/2022

ഇടുക്കി ജില്ലയിലെ സേനാപതി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ സേനാപതി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 14-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 6 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി സി. ആർ ബീനാകുമാരി	ഡെപ്യൂട്ടി ഡയറക്ടർ	15-03-2022	19-03-2022

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
15-03-2022	19-03-2022

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. വി.ജി. സജിമോൻ, ഓഡിറ്റ് ഓഫീസർ
ശ്രീ. എം.എസ്. രാജീവ്, ഓഡിറ്റ് ഓഫീസർ (18.03.2022 വരെ)
ശ്രീ. എം.കെ.അഭിലാഷ്, അസി. ഓഡിറ്റ് ഓഫീസർ
ശ്രീ. ബെന്നി മാത്യു, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. എബി എബ്രഹാം, സിനീയർ ഗ്രേഡ് ഓഡിറ്റർ (18.03.2022 വരെ)
ശ്രീ. പി. കെ. വിഷ്ണു, സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ ജോസ് തോമസ്	പ്രസിഡന്റ്	01-04-2020	08-11-2020
ഭരണ നിർവ്വഹണ കമ്മിറ്റി	സെക്രട്ടറി	09-11-2020	29-12-2020
ശ്രീമതി തിലോത്തമ സോമൻ	പ്രസിഡന്റ്	30-12-2020	31-03-2021
ശ്രീ കെ.ജെ മനോജ് ബാബു	സെക്രട്ടറി	01-04-2020	31-03-2021

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)

ശ്രീ എസ്.ബി വികൂർ സുരേഷ്	അസിസ്റ്റന്റ് സെക്രട്ടറി	01-04-2020	31-03-2021
ശ്രീമതി അജിതാ കുമാരി	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2020	31-03-2021
ശ്രീമതി ബെറ്റ്സി മരീന ജോൺ	കൃഷി ഓഫീസർ	01-04-2020	31-03-2021
ഡോ ഗോപിനാഥൻ മോഹൻ	മെഡിക്കൽ ഓഫീസർ , ആരോഗ്യം	01-04-2020	31-03-2021
ഡോ. കുമാരി വി.എസ്. അജി	മെഡിക്കൽ ഓഫീസർ , ആയുർവേദം	01-04-2020	31-03-2021
ഡോ കെ.പി നിഷ	മെഡിക്കൽ ഓഫീസർ ,ഹോമിയോ	01-04-2020	31-03-2021
ശ്രീമതി എൻ.ആർ സിനി	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2020	31-03-2021
ശ്രീ വിപിൻ കുമാർ	വില്ലേജ് എസ്റ്റന്റൻഷൻ ഓഫീസർ	01-04-2020	29-09-2020
ശ്രീമതി വി. രമ്യ	വില്ലേജ് എസ്റ്റന്റൻഷൻ ഓഫീസർ	30-09-2020	31-03-2021
ശ്രീ ബിനാഷ് തോമസ്	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2020	31-03-2021
ശ്രീ എസ്. ബാബു	ഹെഡ് മാസ്റ്റർ, ഗവ ട്രൈബൽ എൽ.പി.സ്കൂൾ	01-04-2020	31-03-2021
ഡോ നീതു ജോർജ്ജ്	വെറ്ററിനറി സർജൻ	01-04-2020	15-10-2020
ഡോ എസ്. പ്രവീൺ	വെറ്ററിനറി സർജൻ	16-10-2020	29-01-2021
ഡോ പി.എം. പാർവതി	വെറ്ററിനറി സർജൻ	30-01-2021	31-03-2021

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പർ
1	ബജറ്റ് Written By: M.K.Abhilash (Asst. Audit Officer, On 15-03-2022) Last Updated By: L.K.Sujatha (Computer Assistant, On 26-04-2022)	1-1
2	വാർഷിക ധനകാര്യ പത്രിക Written By: M.K.Abhilash (Asst. Audit Officer, On 15-03-2022) Last Updated By: L.K.Sujatha (Computer Assistant, On 10-05-2022)	1-2
3	ഗ്രാന്റ് വിനിയോഗം Written By: M.K.Abhilash (Asst. Audit Officer, On 16-03-2022) Last Updated By: L.K.Sujatha (Computer Assistant, On 10-05-2022)	1-3-1
4	ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ Written By: M.K.Abhilash (Asst. Audit Officer, On 16-03-2022) Last Updated By: L.K.Sujatha (Computer Assistant, On 10-05-2022)	1-3-2
5	പദ്ധതി അവലോകനം Written By: M.K.Abhilash (Asst. Audit Officer, On 16-03-2022) Last Updated By: L.K.Sujatha (Computer Assistant, On 10-05-2022)	1-4
6	തൊഴിലുറപ്പ് പദ്ധതി Written By: M.K.Abhilash (Asst. Audit Officer, On 17-03-2022) Last Updated By: L.K.Sujatha (Computer Assistant, On 10-05-2022)	1-5
7	ക്ഷേമ പെൻഷനുകൾ Written By: M.K.Abhilash (Asst. Audit Officer, On 17-03-2022) Last Updated By: L.K.Sujatha (Computer Assistant, On 10-05-2022)	1-6
8	ക്യാഷ് വെരിഫിക്കേഷൻ Written By: M.K.Abhilash (Asst. Audit Officer, On 16-03-2022) Last Updated By: L.K.Sujatha (Computer Assistant, On 27-04-2022)	1-7
9	ആഭ്യന്തര നിയന്ത്രണം Written By: M.K.Abhilash (Asst. Audit Officer, On 17-03-2022) Last Updated By: L.K.Sujatha (Computer Assistant, On 27-04-2022)	1-8
10	വാർഷിക കണക്കുകളുടെ അപാകത Written By: M.K.Abhilash (Asst. Audit Officer, On 17-03-2022) Last Updated By: L.K.Sujatha (Computer Assistant, On 27-04-2022)	1-9-1
11	രേഖകളുടെ പിൻബലമില്ലാതെ ഒന്നകാൽ ലക്ഷത്തിലധികം രൂപയുടെ ഡിമാന്റ് ഒഴിവാക്കി Written By: M.K.Abhilash (Asst. Audit Officer, On 17-03-2022) Last Updated By: L.K.Sujatha (Computer Assistant, On 27-04-2022)	1-9-2
12	ധനവ്യയം ക്രമപ്രകാരമല്ല - ബാധ്യത ആയി നിൽക്കുന്ന 36 ലക്ഷത്തിലധികം രൂപ ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നില്ല Written By: M.K.Abhilash (Asst. Audit Officer, On 17-03-2022) Last Updated By: L.K.Sujatha (Computer Assistant, On 27-04-2022)	1-9-3
13	വസ്തുനികുതി, വാർഷിക കണക്ക്, സഞ്ചയ തുകകൾ പൊരുത്തപ്പെടുന്നില്ല Written By: M.K.Abhilash (Asst. Audit Officer, On 17-03-2022) Last Updated By: L.K.Sujatha (Computer Assistant, On 27-04-2022)	1-9-4
14	തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലധികം അക്കൗണ്ടുകൾ പരിപാലിക്കുന്നു Written By: M.K.Abhilash (Asst. Audit Officer, On 17-03-2022) Last Updated By: L.K.Sujatha (Computer Assistant, On 27-04-2022)	1-9-5
15	റീ-കൺസിലേഷൻ അപാകത Written By: M.K.Abhilash (Asst. Audit Officer, On 18-03-2022) Last Updated By: L.K.Sujatha (Computer Assistant, On 27-04-2022)	1-9-6
16	ഡെപ്പോസിറ്റ് രജിസ്റ്ററിലെ അപാകത Written By: M.K.Abhilash (Asst. Audit Officer, On 18-03-2022) Last Updated By: L.K.Sujatha (Computer Assistant, On 27-04-2022)	1-9-7
17	കെട്ടിട നികുതി കുറവായി അസസ്സ് ചെയ്തു - ₹16,947/-യുടെ നഷ്ടം Written By: VISHNU.P.K (Senior Grade Auditor, On 18-03-2022) Last Updated By: L.K.Sujatha (Computer Assistant, On 09-05-2022)	1-10
18	തൊഴിൽ നികുതി ഈടാക്കിയില്ല Written By: VISHNU.P.K (Senior Grade Auditor, On 18-03-2022) Last Updated By: L.K.Sujatha (Computer Assistant, On 10-05-2022)	1-11
19	സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല Written By: VISHNU.P.K (Senior Grade Auditor, On 18-03-2022) Last Updated By: L.K.Sujatha (Computer Assistant, On 10-05-2022)	1-11-1
20	ഇ-ടെണ്ടർ ഫാറ വില പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല Written By: M.S.Rajeev (Audit Officer, On 20-03-2022) Last Updated By: L.K.Sujatha (Computer Assistant, On 27-04-2022)	1-12

21	അസി.എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ വൻതുക ചെലവാകാതെ അവശേഷിക്കുന്നു Written By: M.S.Rajeev (Audit Officer, On 20-03-2022) Last Updated By: L.K.Sujatha (Computer Assistant, On 27-04-2022)	1-13
22	കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല Written By: V G Sajimon (Audit Officer, On 19-03-2022) Last Updated By: L.K.Sujatha (Computer Assistant, On 10-05-2022)	1-14
23	ഒരേ തീയതിയിലെ വാഹന ടിപ്പ് ഷീറ്റുകൾ രണ്ട് പദ്ധതികളിൽ ഉൾപ്പെടുത്തി തുക കൈപ്പറ്റി Written By: Benny Mathew (Auditor, On 19-03-2022) Last Updated By: L.K.Sujatha (Computer Assistant, On 09-05-2022)	1-15
24	പ്രാഥമിക ആരോഗ്യകേന്ദ്രത്തിന് മരുന്നു വാങ്ങൽ - മരുന്നുകൾ പൂർണമായി ലഭ്യമായില്ല Written By: Benny Mathew (Auditor, On 19-03-2022) Last Updated By: L.K.Sujatha (Computer Assistant, On 27-04-2022)	1-16
25	ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്ന് പൂർണ്ണമായി ലഭ്യമായില്ല Written By: Benny Mathew (Auditor, On 19-03-2022) Last Updated By: L.K.Sujatha (Computer Assistant, On 27-04-2022)	1-17
26	ഇലക്ഷൻ നിക്ഷേപം കണ്ടുകെട്ടാൻ നടപടികളായില്ല Written By: V G Sajimon (Audit Officer, On 19-03-2022) Last Updated By: L.K.Sujatha (Computer Assistant, On 26-04-2022)	1-18
27	അസി. എൻജിനിയറുടെ വാഹന വാടക തനത് ഫണ്ടിൽ നിന്ന് വഹിക്കുന്നു Written By: V G Sajimon (Audit Officer, On 19-03-2022) Last Updated By: L.K.Sujatha (Computer Assistant, On 26-04-2022)	1-19
28	കുടിവെള്ള പദ്ധതികളുടെ പമ്പ്സെറ്റുകൾ മാറ്റി സ്ഥാപിക്കൽ- പഴയവ ലേലം ചെയ്ത് മുതൽക്കൂട്ടിയില്ല. Written By: M.S.Rajeev (Audit Officer, On 20-03-2022) Last Updated By: L.K.Sujatha (Computer Assistant, On 26-04-2022)	1-20
29	വാഹന വാടക രേഖകളുടെ പിൻബലമില്ലാതെ അനുവദിച്ചു Written By: V G Sajimon (Audit Officer, On 19-03-2022) Last Updated By: L.K.Sujatha (Computer Assistant, On 10-05-2022)	1-21
30	കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങൾ - അവലോകനം Written By: V G Sajimon (Audit Officer, On 25-03-2022) Last Updated By: L.K.Sujatha (Computer Assistant, On 26-04-2022)	1-22
ഭാഗം **2**		
1	കെട്ടിട നികുതി കുറവായി അസസ്സ് ചെയ്തു - ₹16,947/-യുടെ നഷ്ടം Written By: VISHNU.P.K (Senior Grade Auditor, On 17-03-2022) Last Updated By: L.K.Sujatha (Computer Assistant, On 10-05-2022)	2-1
ഭാഗം **3**		
1	ഒരേ തീയതിയിലെ വാഹന ടിപ്പ് ഷീറ്റുകൾ രണ്ട് പദ്ധതികളിൽ ഉൾപ്പെടുത്തി തുക കൈപ്പറ്റി Written By: Benny Mathew (Auditor, On 19-03-2022) Last Updated By: L.K.Sujatha (Computer Assistant, On 09-05-2022)	3-1
2	വാഹന വാടക - രേഖകളുടെ പിൻബലമില്ലാതെ അനുവദിച്ചു Written By: V G Sajimon (Audit Officer, On 19-03-2022) Last Updated By: L.K.Sujatha (Computer Assistant, On 26-04-2022)	3-2
ഭാഗം **4**		
1	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം Written By: M.K.Abhilash (Asst. Audit Officer, On 17-03-2022) Last Updated By: L.K.Sujatha (Computer Assistant, On 26-04-2022)	4-1
2	സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം Written By: M.K.Abhilash (Asst. Audit Officer, On 17-03-2022) Last Updated By: L.K.Sujatha (Computer Assistant, On 26-04-2022)	4-2
3	നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ Written By: M.K.Abhilash (Asst. Audit Officer, On 17-03-2022) Last Updated By: L.K.Sujatha (Computer Assistant, On 26-04-2022)	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ Written By: M.K.Abhilash (Asst. Audit Officer, On 17-03-2022) Last Updated By: L.K.Sujatha (Computer Assistant, On 26-04-2022)	4-4
5	വായ്പ/വായ്പ തിരിച്ചടവ് Written By: M.K.Abhilash (Asst. Audit Officer, On 17-03-2022) Last Updated By: L.K.Sujatha (Computer Assistant, On 26-04-2022)	4-5
6	സ്ഥിര നിക്ഷേപം Written By: M.K.Abhilash (Asst. Audit Officer, On 17-03-2022) Last Updated By: L.K.Sujatha (Computer Assistant, On 26-04-2022)	4-6
7	ഓഡിറ്റ് റിക്കവറി	4-7

	Written By: M.K.Abhilash (Asst. Audit Officer, On 17-03-2022) Last Updated By: L.K.Sujatha (Computer Assistant, On 26-04-2022)	
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് Written By: M.K.Abhilash (Asst. Audit Officer, On 17-03-2022) Last Updated By: L.K.Sujatha (Computer Assistant, On 26-04-2022)	4-8
9	ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം Written By: M.K.Abhilash (Asst. Audit Officer, On 17-03-2022) Last Updated By: L.K.Sujatha (Computer Assistant, On 26-04-2022)	4-9
10	ഓഡിറ്റ് പ്രത്യവലോകനം Written By: M.K.Abhilash (Asst. Audit Officer, On 17-03-2022) Last Updated By: L.K.Sujatha (Computer Assistant, On 10-05-2022)	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ Written By: M.K.Abhilash (Asst. Audit Officer, On 17-03-2022) Last Updated By: L.K.Sujatha (Computer Assistant, On 26-04-2022)	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ബജറ്റ്

₹29,76,886/- മുന്നിരിപ്പും ₹13,33,90,000/- വരവും ₹13,48,68,000/- ചെലവും ₹14,98,886/- നീക്കിയിരിപ്പും പ്രതീക്ഷിക്കുന്ന തൻ വർഷ ബജറ്റ് 23.03.2020-ൽ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ പഞ്ചായത്ത് കമ്മിറ്റി മുമ്പാകെ അവതരിപ്പിച്ചു. പ്രസ്തുത ബജറ്റിന് 24.03.2020 ലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗികരിച്ചു.

1-2 വാർഷിക ധനകാര്യ പത്രിക

ലഭിക്കേണ്ട തീയതി	ലഭിച്ച തീയതി	അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി	അപാകത പരിഹരിച്ച് ലഭിച്ച തീയതി
31.07.2021	22.06.2021	-	-

1-3-1 ഗ്രാന്റ് വിനിയോഗം

ഇനം		മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരിപ്പ് ₹
വികസന ഫണ്ട്	പൊതു വിഭാഗം	0	12785500	12785500	12178031	607469
	പട്ടിക ജാതി വിഭാഗം	0	2608000	2608000	2297580	310420
	പട്ടിക വർഗ്ഗ വിഭാഗം	0	575000	575000	304425	270575
കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ്	ഉപാധികളോടുകൂടിയത്	0	4770000	4770000	2562170	22078300
	ഉപാധിരഹിതം	0	4770000	4770000	4769437	563
മെയിന്റനൻസ് ഗ്രാന്റ്	റോഡ്	0	2979000	2979000	2978965	35
	റോഡിതരം	0	3492000	3492000	3436017	55983
പൊതു ഉദ്ദേശ ഗ്രാന്റ്		0	6295123	6295123	6295123	0
കേന്ദ്രാവിഷ്കൃത ഫണ്ടുകൾ	ഐ.സി.ഡി.എസ്.	617050	509395	1126445	618740	507705
	ശുചിത്വ മിഷൻ	545056	1389465	1934521	1257052	677469
സംസ്ഥാനാവിഷ്കൃത ഫണ്ട്	ഫിഷറീസ് വകുപ്പിൽ നിന്ന് ലഭിച്ചത്	53237	1653	54890	0	54890
	ആശ്രയ - അഗതി	0	133100	133100	133100	0
	മറ്റ് ഗ്രാന്റ് (ലൈഫ് മിഷൻ)	758751	2700000	3458751	2858751	600000

	സി.എഫ്.എൽ.റ്റി.സി	0	510460	510460	120000	390460
മറ്റ് വകുപ്പുകൾ	ഐ.റ്റി.ഡി.പി.	879563	0	879563	434930	444633
	സാമൂഹ്യ നീതി	0	48000	48000	0	48000
	കില	0	17887	17887	17887	0
പഞ്ചായത്ത് ദുരിതാശ്വാസ നിധി		168998	2009	171007	0	171007

1-3-2 ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ

1. സർക്കാർ ഉത്തരവ് പ്രകാരം അനുവദിച്ച തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല

വികസന ഫണ്ട് പൊതുവിഭാഗത്തിന് ലഭിച്ച രണ്ട് ഗഡു തുക ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഫണ്ടിനം	സർക്കാർ ഉത്തരവ് നം. & തീയതി	തുക ₹
ഫണ്ട് പൊതുവിഭാഗം	സ.ഉ.(സാധാ)4461/20/ധനം., തീ: 03.08.2020	1287950
	സ.ഉ.(സാധാ)2904/21/ധനം., തീ: 25.03.2021	1883500

2. സ്രോതസ്സിൽ നിന്നും കുറവ് വരുത്തുന്ന തുകകൾ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുന്നില്ല

എ) വികസന ഫണ്ട് -പൊതുവിഭാഗം

ക്രമ നം.	ഉത്തരവ് നം. & തീയതി	അനുവദിച്ച തുക ₹	കുറവ് വരുത്തിയ തുക (₹) & ഇനം	ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ തുക ₹
1	സ.ഉ(സാധാ)43/20/ധനം തീ: 01.01.2021	3634000	₹292000/- (അംഗനവാടി ജീവനക്കാരുടെ വേതനം) ₹1419226/- (ലൈഫ് വായ്പ തിരിച്ചടവ്)	1922774
2	സ.ഉ(സാധാ)2657/20/ധനം തീ: 01.04.2020	3986700	₹292000/- (അംഗനവാടി ജീവനക്കാരുടെ വേതനം)	12018114
3	സ.ഉ.(സാധാ)4461/20/ധനം തീ:03.08.2020	1287950	₹292000/- (അംഗനവാടി ജീവനക്കാരുടെ വേതനം)	ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല

	₹995950/- (ലൈഫ് വായ്പ തിരിച്ചടവ്)	

ബി) വികസന ഫണ്ട് – പട്ടിക ജാതിവിഭാഗം

ക്രമ നം.	ഉത്തരവ് നം. & തീയതി	അനുവദിച്ച തുക ₹	കുറവ് വരുത്തിയ തുക (₹) & ഇനം	ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ തുക ₹
1	സ.ഉ (സാധാ) 43/21/ധനം തീ: 01.01.2021	869300	₹21981 (ലൈഫ് വായ്പ തിരിച്ചടവ്)	847319
2	സ.ഉ. (സാധാ) 4461/20/ധനം തീ:03.08.2020	434750	₹21980 (ലൈഫ് വായ്പ തിരിച്ചടവ്)	412770

സി) സംരക്ഷണ ഗ്രാന്റ് – റോഡിതരം

ക്രമ നം.	ഉത്തരവ് നം. & തീയതി	അനുവദിച്ച തുക ₹	കുറവ് വരുത്തിയ തുക ₹ & ഇനം	ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ തുക ₹
1	സ.ഉ (സാധാ) 4444/20/20/ധനം തീ: 03.08.2020	11664000	₹35319 (വോട്ടിംഗ് മെഷീൻ)	1128681

3. സ്രോതസ്സിൽ നിന്നും കുറവ് വരുത്തിയ തുകയും പട്ടിക ജാതി/പൊതു വിഭാഗം നാലാമത്തെ ഗഡു തുകയും ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവിൽ ഉൾപ്പെടുത്താത്തതിനാൽ ലാപ്സായി പോയ തുകയുടെ വിവരം കൃത്യമായി പ്രതിഫലിക്കുന്നില്ല.

ഫണ്ടിനം	വരവ് ₹		ലാപ്സായി പോയ തുക ₹	
	യഥാർത്ഥം	ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം	ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം	യഥാർത്ഥം
വികസന ഫണ്ട് പൊതു വിഭാഗം	12785500	7610824	(-)4567207	607469
വികസന ഫണ്ട് പട്ടിക ജാതി വിഭാഗം	2586020	2564039	266459	288440
സംരക്ഷണ ഗ്രാന്റ് – റോഡിതരം	3492000	3456681	20664	55983

4. കേന്ദ്രാവിഷ്കൃത ഫണ്ട് ചെലവ് പൊരുത്തപ്പെടുന്നില്ല

തൻ വർഷം ഗ്രാമപഞ്ചായത്തിന് ലഭിച്ച കേന്ദ്രാവിഷ്കൃത ഫണ്ട് ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വരവ്-ചെലവ് കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. ഐ.സി.ഡി.എസ്. ഇനത്തിൽ ചെലവ് തുക വാർഷിക ധനകാര്യ പത്രിക പ്രകാരം ₹6,18,740/- ഉം ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം ₹6,78,740/-ഉം ആകുന്നു.

1-4 പദ്ധതി അവലോകനം

പദ്ധതി നിർവ്വഹണം

തൻ വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം	പദ്ധതി	നടപ്പാക്കിയത്	പദ്ധതി	ഭാഗികമായി	നടപ്പാക്കാത്തവ	പൂർത്തീകരിച്ച

ലഭിച്ചത് (എണ്ണം)	അടങ്കൽ ₹	(എണ്ണം)	ചെലവ് ₹	നടപ്പാക്കിയത് (എണ്ണം)	(എണ്ണം)	പ്രോജക്ടുകളുടെ ശതമാനം %
174	119095389	133	38634143	32	9	76.43

1. ചെലവഴിച്ച വിവിധ ഫണ്ടുകളുടെ വിവരം

ഇനം		അടങ്കൽ തുക ₹	ചെലവ് തുക ₹	ചെലവ് ശതമാനം
വികസന ഫണ്ട്	പൊതു വിഭാഗം	16809670	12178031	72.45
	പട്ടിക ജാതി വിഭാഗം	3152676	2297580	72.68
	പട്ടിക വർഗ്ഗ വിഭാഗം	689600	304425	44.15
ധനകാര്യ കമ്മീഷൻ ഗ്രാന്റ്		11425399	7332607	64.18
കേന്ദ്രാവിഷ്കൃത ഫണ്ട്		803200	678740	84.50
സംസ്ഥാനാവിഷ്കൃത ഫണ്ട്		34285800	654289	1.91
തനത് ഫണ്ട്		563481	440945	78.25
ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്		2590909	180475	6.97
ജില്ലാ പഞ്ചായത്ത് ഫണ്ട്		5901550	600000	10.17
സംരക്ഷണ ഗ്രാന്റ്	റോഡ്	3908000	2978965	76.23
	റോഡിതരം	4328800	3436017	79.18
മറ്റിനം		34636304	7553069	21.81
ആകെ		119095389	38634143	32.44

2. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പദ്ധതികളുടെ ചെലവ് സംബന്ധിച്ച വിവരം

നിർവ്വഹണ ഉദ്യോഗസ്ഥൻ	പ്രോജക്ടിന്റെ എണ്ണം	അടങ്കൽ തുക ₹	നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ എണ്ണം	ചെലവ് തുക ₹	ചെലവ് ശതമാനം

കൃഷി ഓഫീസർ	6	5493632	4	1140273	20.76
വെറ്ററിനറി സർജൻ	2	245000	2	242769	99.09
മെഡിക്കൽ ഓഫീസർ-പി.എച്ച്.സി.	4	774600	3	750390	96.87
മെഡിക്കൽ ഓഫീസർ-ആയുർവ്വേദം	7	985400	6	935400	94.93
മെഡിക്കൽ ഓഫീസർ-ഹോമിയോ	1	100000	1	100000	100.00
വി.ഇ.ഒ.	9	74594932	5	9783169	13.12
ഐ.സി.ഡി.എസ്. സൂപ്പർവൈസർ	5	3225000	3	2696553	83.61
സെക്രട്ടറി – ഗ്രാമപഞ്ചായത്ത്	27	8606937	22	7527664	87.46
അസി. എൻജിനീയർ	104	21523623	80	14008411	65.08
ഹെഡ് മാസ്റ്റർ	1	325500	1	81375	25.00
ഡയറി ഫാം ഇൻസ്ട്രക്ടർ	2	2250000	2	600000	26.67
അസിസ്റ്റന്റ് സെക്രട്ടറി	6	970765	5	768139	79.91
ആകെ	174	119095389	133	38634143	32.44

3. വിവിധ മേഖലകൾക്ക് വകയിരുത്തിയതും ചെലവഴിച്ചതുമായ തുകകളുടെ വിവരം താഴെ നൽകുന്നു.

ഫണ്ട്	മേഖല	പ്രോജക്ടിന്റെ എണ്ണം	അടങ്കൽ തുക ₹	ചെലവ് തുക ₹	ചെലവ് ശതമാനം
പൊതു വിഭാഗം	ഉത്പാദനം	9	7752952	2107980	27.18
	സേവനം	102	83829261	25561240	30.49
	പശ്ചാത്തലം	43	11950659	8362918	69.98

പട്ടിക ജാതി വിഭാഗം	ഉത്പാദനം	1	450000	89385	19.86
	സേവനം	10	5113270	1070242	20.93
	പശ്ചാത്തലം	4	1138647	1137953	99.93
പട്ടിക വർഗ്ഗ വിഭാഗം	ഉത്പാദനം	1	146000	145997	99.99
	സേവനം	4	8714600	158428	1.81
	ആകെ	174	119095389	38634143	32.43

4. പ്രത്യേക ഘടക പദ്ധതികൾക്കായി വകയിരുത്തിയതും ചെലവഴിച്ചതുമായ തുകകളുടെ വിവരം താഴെ നൽകുന്നു.

ഘടകം	പ്രോജക്ടിന്റെ എണ്ണം	നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ എണ്ണം	അടങ്കൽ തുക ₹	ചെലവ് തുക ₹	ചെലവ് ശതമാനം
വനിതാ ഘടകം	4	1	4650632	664891	14.30
കുട്ടികൾ	4	3	450265	355629	78.98
വൃദ്ധർ	6	6	805400	805400	100.00
ഭിന്നശേഷിക്കാർ	2	2	925500	458075	49.49
പാലിയേറ്റീവ് കെയർ	2	2	564600	550390	97.48
ആകെ	18	14	7396397	2834385	38.72

തൻവർഷം വകയിരുത്തിയ പദ്ധതി അടങ്കലിന്റെ 20.72, 13.12 ശതമാനം മാത്രമാണ് കൃഷി ഓഫീസർ, വി.ഇ.ഒ എന്നിവർക്ക് വിനിയോഗിക്കാൻ കഴിഞ്ഞിട്ടുള്ളത്.

1-5 തൊഴിലുറപ്പ് പദ്ധതി

ഇനം	മുന്നിരിപ്പ് ₹	വരവ് ₹	ആകെ ₹	ചെലവ് ₹	നീക്കിയിരിപ്പ് ₹
ഭരണചെലവുകൾ	3092	2724898	2727990	2381460	346530
ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്	0	41221562	41221562	41221562	0
മെറ്റീരിയൽ ജോലികൾ	0	11394000	11394000	11394000	0

100 ദിന തൊഴിൽ പ്രോത്സാഹനം	0	56000	56000	56000	0

1-6 ക്ഷേമ പെൻഷനുകൾ

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക (₹)	ഗുണഭോക്താക്കളുടെ എണ്ണം
കർഷക തൊഴിലാളി പെൻഷൻ	2147500	147
വിധവാ പെൻഷൻ	6614800	463
വാർദ്ധക്യകാലപെൻഷൻ	14567200	993
വികലാംഗ പെൻഷൻ	2085000	134
50 വയസ്സിന് മുകളിലുള്ള അവിവാഹിതർക്കുള്ള പെൻഷൻ	2154200	14

1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 16.03.2022-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹46,329/- (നാല്പത്തിയാറായിരത്തി മുന്നൂറ്റി ഇരുപത്തൊമ്പത് രൂപ മാത്രം) ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-8 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഓർഡർ പ്രകാരം സ്ഥാപനത്തിൽ ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. ഫയലുകളുടെ തുടർ നടപടികൾ നിരീക്ഷിക്കുന്നതിന് സൂചിക സോഫ്റ്റ് വെയർ നടപ്പിലാക്കിയിട്ടില്ല. ജീവനക്കാർ ഇതിനായി നിശ്ചയിച്ചിട്ടുള്ള തൻപതിവേട് യഥാവിധി എഴുതി സൂക്ഷിക്കുകയോ മേലാഫീസർമാർ പരിശോധിക്കുകയോ ചെയ്യുന്നില്ല. ആയതിനാൽ ഫയലുകൾ യഥാസമയം തീർപ്പാക്കുന്നു എന്ന് ഉറപ്പാക്കുവാൻ കഴിയുന്നില്ല.

സ്റ്റോക്ക് രജിസ്റ്റർ യഥാവിധി എഴുതി സൂക്ഷിക്കുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ, സഞ്ചയ എന്നിവ വാർഷിക ധനവിവര പത്രികയുമായി പൊരുത്തപ്പെടുന്നില്ല (ഖണ്ഡിക 1-9 ശ്രദ്ധിക്കുക). കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള സാധന സാമഗ്രികൾ വാങ്ങിയത് കൃത്യമായ സ്റ്റോക്ക് വിവരങ്ങൾ ചേർത്ത് എഴുതി സൂക്ഷിക്കുന്നില്ല. ബാങ്ക് ബുക്ക് പ്രിന്റ് എടുത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

1-9-1 വാർഷിക കണക്കുകളുടെ അപാകത

1) ലഭിക്കുന്ന ചെക്കുകളുടെയും ഡ്രാഫ്റ്റുകളുടെയും പണമായി മാറുന്ന വിവരം രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നില്ല.

2) അസറ്റ് ഇല്ലാത്ത താഴെ പരാമർശിക്കുന്ന ഇനങ്ങളിൽ ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിരിക്കുന്നു.

ക്രമ നം.	ഹെഡ്	ഡിപ്രിസിയേഷൻ ₹
1	411320101 Waterways	2267637

3) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

4) ₹95,400/- VPFA-I-2 അക്കൗണ്ടിൽ സംയുക്ത പദ്ധതി പണമായി അവശേഷിക്കുന്നു. പ്രസ്തുത തുക ബാലൻസ് ഷീറ്റ് B-4

ഷെഡ്യൂളിൽ കാണിച്ചിട്ടില്ല.

1-9-2 രേഖകളുടെ പിൻബലമില്ലാതെ ഒന്നകാൽ ലക്ഷത്തിലധികം രൂപയുടെ ഡിമാന്റ് ഒഴിവാക്കി

തൻവർഷം രേഖകളുടെ പിൻബലമില്ലാതെ ₹1,28,480/-യുടെ ഡിമാന്റ് ഒഴിവാക്കി. വിശദാംശം താഴെ പരാമർശിക്കുന്നു.

കോഡ്	ഇനം	തുക ₹
280200401	Prior Period Income- Other Incomes	125950
280800701	Prior Period Income- Miscellenous Expences	2500
280200401	Prior Period Income- Other Incomes	25849773
280200201	Prior Period Income- Recovery Of Revenues Written Off-Rent	119627
	ആകെ	128450

ഇത്തരത്തിൽ ഡിമാന്റിൽ നിന്നും രേഖകളുടെ പിൻബലമില്ലാതെ ₹1,28,450/-യുടെ ഡിമാന്റ് ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

1-9-3 ധനവ്യയം ക്രമപ്രകാരമല്ല - ബാധ്യത ആയി നിൽക്കുന്ന 36 ലക്ഷത്തിലധികം രൂപ ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നില്ല

വിവിധ ഉദ്ദേശ്യങ്ങൾക്ക് പഞ്ചായത്തിന് ലഭിച്ചതിൽ ബാക്കി നിൽക്കുന്ന ഗ്രാന്റ് തുകയും വിവിധ ഡെപ്പോസിറ്റ് തുകയും മറ്റ് ബാധ്യത തുകയും പൂർണ്ണമായി ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അവശേഷിക്കുന്നില്ല എന്ന് കാണുന്നു.

ക്രമ നം.	ഷെഡ്യൂൾ	ഇനം	നീക്കിയിരിപ്പ് തുക ₹
1	ഷെഡ്യൂൾ ബി-4	ഗ്രാന്റ് & കോൺട്രിബ്യൂഷൻ ഫോർ സ്പെസിഫിക് പർപ്പസ്	5674646
2	ഷെഡ്യൂൾ ബി-7	ഡെപ്പോസിറ്റ്	500549
3	ഷെഡ്യൂൾ ബി-9	മറ്റ് ബാധ്യത	1490194
		ആകെ	7665389

ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-17 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ വിവിധ അക്കൗണ്ടുകളിലായി നീക്കിയിരിപ്പായി അവശേഷിക്കുന്ന തനത് ഫണ്ട് ₹39,90,684/- മാത്രമാണ്. ₹36,74,705/- (7665389-3990684)യുടെ വ്യത്യാസം യഥാർത്ഥ നീക്കിയിരിപ്പിൽ കാണുന്നു. പ്രസ്തുത തുക വകമാറ്റി ചെലവഴിച്ചതായി കണക്കാക്കുന്നു. ധനവ്യയത്തിൽ വേണ്ടത്ര നിയന്ത്രണം പാലിക്കാതെ ചെലവഴിക്കുന്നതിനാലാണ് ബാധ്യത തുക പോലും നീക്കിയിരിപ്പ് ഇല്ലാതെ അവശേഷിച്ചത്. ഇത്തരത്തിൽ തുക വകമാറ്റി ചെലവഴിച്ചതിന് കാരണം വിശദീകരിക്കേണ്ടതാണ്.

1-9-4 വസ്തുനികുതി, വാർഷിക കണക്ക്, സഞ്ചയ തുകകൾ പൊരുത്തപ്പെടുന്നില്ല

സാംഖ്യ-സഞ്ചയ കണക്കുകൾ താഴെ പരാമർശിക്കും പ്രകാരം വ്യത്യാസപ്പെടുന്നു.

	സാംഖ്യ	സഞ്ചയ

	ഡിമാന്റ് ₹	കളക്ഷൻ ₹	ബാലൻസ് ₹	ഡിമാന്റ് ₹	കളക്ഷൻ ₹	ബാലൻസ് ₹
മുൻവർഷം	604164	306958	297206	748461	324189	426880
തൻവർഷം	2059445	596241	1463204	2164354	1525493	597746

ഇത്തരത്തിൽ വ്യതിയാനം വന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

1-9-5 തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലധികം അക്കൗണ്ടുകൾ പരിപാലിക്കുന്നു

ഗ്രാമപഞ്ചായത്തിലെ തനത് ഫണ്ട് നിക്ഷേപിക്കുന്നതിന് ഒന്നിലധികം അക്കൗണ്ടുകൾ പരിപാലിക്കുന്നുണ്ട്. വിശദാംശം താഴെ നൽകുന്നു.

ക്രമ നം.	ബാങ്ക്	31.03.2021-ലെ നീക്കിയിരിപ്പ് (₹)
1	യൂണിയൻ ബാങ്ക് – 2328	1896693
2	സർവ്വീസ് സഹകരണ ബാങ്ക്, സേനാപതി	944444
3	ജില്ലാ സഹകരണ ബാങ്ക്	75018

തനത് വരുമാനം നിക്ഷേപിക്കുന്നതിന് ഒന്നിലധികം ബാങ്ക് അക്കൗണ്ടുകൾ അഭികാമ്യമല്ല. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 26.05.2011-ലെ 58725/എഫ്.എം3/2008 നമ്പരായുള്ള സർക്കുലറിലെ നിർദ്ദേശാനുസരണം ട്രഷറി അക്കൗണ്ടിന് പുറമേ ഒരു ദേശസാൽകൃത/സഹകരണ ബാങ്ക് അക്കൗണ്ടിൽ മാത്രം തനത് ഫണ്ട് നിക്ഷേപിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-9-6 റീ-കൺസിലേഷൻ അപാകത

തനത് ഫണ്ട് പരിപാലിക്കുന്ന യൂണിയൻ ബാങ്ക് ഓഫ് ഇൻഡ്യയുടെ 31.03.2021-ലെ പാസ്സ്ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് തുക ₹19,01,298/- ആകുന്നു. ക്യാഷ് ബുക്ക്, വാർഷിക ധനവിവര പത്രികയിലെ RP-40(b) ഷെഡ്യൂൾ എന്നിവ പ്രകാരം ₹18,96,693/-യാണ്. ക്യാഷ് ബുക്ക്-പാസ്സ്ബുക്ക് റീകൺസിലേഷൻ സ്റ്റേറ്റ്മെന്റിൽ, ക്യാഷ് ബുക്ക് നീക്കിയിരിപ്പ് ₹18,94,166/- എന്ന് രേഖപ്പെടുത്തിയാണ് പൊരുത്തപ്പെടുത്തിയിരിക്കുന്നത്. 08.07.2020-ൽ നൽകിയ 23614 നമ്പരായുള്ള ചെക്കിലെ തുക ₹2,527/- കുറവ് ചെയ്യാതെയാണ് ക്യാഷ് ബുക്ക്, വാർഷിക ധനവിവര പത്രികയിലെ RP-40(b) ഷെഡ്യൂൾ എന്നിവ തയ്യാറാക്കിയിരിക്കുന്നത്. ചെക്കിലെ തുക നാളിതുവരെയും പണമാക്കി മാറിയിട്ടില്ല എന്ന് പിന്നീടുള്ള റീ-കൺസിലേഷൻ സ്റ്റേറ്റ്മെന്റുകൾ പ്രകാരം കാണുന്നു. അപാകത പരിഹരിക്കേണ്ടതാണ്.

1-9-7 ഡെപ്പോസിറ്റ് രജിസ്റ്ററിലെ അപാകത

വാർഷിക ധനവിവര പത്രികയിലെ കണക്കുകളും ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള കണക്കുകളും താഴെ പരാമർശിക്കും പ്രകാരം വ്യത്യാസം കാണുന്നു.

ക്രമ നം.	അക്കൗണ്ട് ഹെഡ് & ഇനം		മുന്നിരിപ്പ് ₹	വരവ് ₹	ചെലവ് ₹	നീക്കിയിരിപ്പ് ₹
1	340100101 Contractor's Earnest Money Deposit	വാർഷിക ധനകാര്യ പത്രിക	61190	0	2400	58790
		രജിസ്റ്റർ	6390	54800	2000	58790
2	340100102	വാർഷിക ധനവിവര പത്രിക	18107	0	0	18107

	Supplier's Earnest Money Deposit	രജിസ്റ്റർ	8950	9157	0	18107
3	340200106 Deposit Received For Halls And Auditorium	വാർഷിക ധനകാര്യ പത്രിക	3000	2000	1000	4000
		രജിസ്റ്റർ	3000	2000	2000	3000

പൊരുത്തക്കേട് വിശദീകരിക്കേണ്ടതാണ്.

1-10 കെട്ടിട നികുതി കുറവായി അസസ്സ് ചെയ്യ - ₹16,947/-യുടെ നഷ്ടം

1. ശ്രീമതി. പ്രവീണ കെ, എന്ന വ്യക്തി പെന്റഗൺ ബ്ലോക്ക് എന്ന പേരിൽ സിമന്റ് കട്ട നിർമ്മാണ വ്യവസായം നടത്തുന്ന കെട്ടിടത്തിന്റെ ഉപയോഗക്രമം പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

അസംബ്ലി കെട്ടിടം, കല്യാണ മണ്ഡപം, ലോഡ്ജ് എന്ന ഗണത്തിൽപ്പെട്ട മേൽ കെട്ടിടം 2020-21 വർഷമാണ് സിമന്റ് കട്ട നിർമ്മാണ വ്യവസായം തുടങ്ങുന്നതിനുള്ള ലൈസൻസിനായി ഗ്രാമപഞ്ചായത്തിൽ അപേക്ഷ നൽകിയത്. ലൈസൻസ് നൽകിയപ്പോൾ കെട്ടിടത്തിന്റെ ഉപയോഗക്രമം അസസ്സ്മെന്റ്/ഡിമാന്റ് രജിസ്റ്ററുകളിൽ മാറ്റം വരുത്തിയില്ല. അതിനാൽ പഞ്ചായത്തിന് വസ്തുനികുതി ഇനത്തിൽ ₹16,160/-യുടെ കുറവ് വാർഷികമായി ഉണ്ടാകുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

വിവരണം	അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം നിർണ്ണയിച്ച വസ്തുനികുതി	നിർണ്ണയിക്കേണ്ടിയിരുന്ന വസ്തു നികുതി	കുറവ്
കെട്ടിട നമ്പർ	3/327		
കെട്ടിട ഉടമസ്ഥന്റെ പേര്	ആൽബിൻ ബേബി, പുൽപ്പറമ്പിൽ		
കെട്ടിടത്തിന്റെ തരം	അസംബ്ലി കെട്ടിടം, കല്യാണ മണ്ഡപം, ലോഡ്ജ് എന്ന ഗണം	ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ	
അടിസ്ഥാന വസ്തു നികുതി റേറ്റ്	₹40	₹55/-	
വിസ്തീർണ്ണം	1026	1026	
അടിസ്ഥാന വസ്തു നികുതി	40 X 1026= 41040	55 X 1026= 56430	
ഇളവ് (10വർഷം മുതൽ 25 വർഷത്തിന് താഴെ)	10%	10%	
വർദ്ധനവ് 10% (പ്രഥമ മേഖല)	10%		
വാർഷിക വസ്തു നികുതി	41040	₹56,430/-	₹15,390/-
ലൈബ്രറി സെസ്സ്	2052	₹2,822/-	₹770/-
ആകെ വസ്തു നികുതി	₹43,092/-	₹59,252/-	₹16,160/-
ഒടുക്കിയ വസ്തു നികുതി	₹43,092/- (Rt No. 6058611000204, Dtd. 22.12.2021)	ഇല്ല	

കെട്ടിടത്തിന്റെ ഉപയോഗക്രമം അസസ്സ്മെന്റ്/ഡിമാന്റ് രജിസ്റ്ററുകളിൽ മാറ്റേണ്ടതും കൂടിശ്ശിക ഉൾപ്പെടെ വസ്തു നികുതി

ഈടാക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/17.03.2022) മറുപടി ലഭ്യമാക്കിയില്ല. വസ്തു നികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2. 2020-21 സാമ്പത്തിക വർഷം പുതുതായി കെട്ടിട നമ്പർ അനുവദിച്ച, സേനാപതി സർവീസ് കോ - ഓപ്പറേറ്റീവ് ബാങ്ക് - K.387 പ്രസിഡന്റിന്റെ പേരിലുള്ള കെട്ടിടത്തിന്റെ ഉപയോഗക്രമം പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

വാണിജ്യാവശ്യത്തിനുള്ള 100ച. മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റ്, ഷോപ്പുകൾ എന്നതിന് പകരം 100ച. മീറ്ററിന് താഴെ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ വസ്തു നികുതി നിരക്കിൽ നിർണ്ണയിച്ചിരിക്കുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

വിവരണം	അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം നിർണയിച്ച വസ്തു നികുതി	നിർണ്ണയിക്കേണ്ടിയിരുന്ന വസ്തു നികുതി	കുറവ്
കെട്ടിട നമ്പർ	2/339 E		
കെട്ടിട ഉടമസ്ഥന്റെ പേര്	പ്രസിഡന്റ് , സേനാപതി സർവീസ് കോ - ഓപ്പറേറ്റീവ് ബാങ്ക് -K.387		
കെട്ടിടത്തിന്റെ തരം	വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണം റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഹോട്ടൽ	വാണിജ്യാവശ്യത്തിനുള്ളവ 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഹോട്ടൽ	
അടിസ്ഥാന വസ്തു നികുതി റേറ്റ്	₹55/-	₹60/-	
വിസ്തീർണ്ണം	125 M2	125 M2	
അടിസ്ഥാന വസ്തു നികുതി	55 X 125= 6875	60 X 125= 7500	
ഇളവ്	ഇല്ല	ഇല്ല	
വർദ്ധനവ് (വഴിസൗകര്യം)	20%	20%	
വാർഷിക വസ്തു നികുതി	₹8,250/-	₹9,000/-	₹750/-
ലൈബ്രറി സെസ്സ്	₹413/-	₹450/-	₹37/-
ആകെ വസ്തു നികുതി	₹8,663/-	₹9,450/-	₹787/-
ഒടുക്കിയ വസ്തു നികുതി	₹8,663/- (Rt No. 120030100036, Dtd 19.05.2020)	ഇല്ല	

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. (നം.4/18.03.2022) വസ്തുനികുതി നിർണ്ണയത്തിൽ വന്ന ₹787/-യുടെ കുറവ് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-11 തൊഴിൽ നികുതി ഈടാക്കിയില്ല

2020-21 സാമ്പത്തിക വർഷങ്ങളിൽ ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിലെ തൊഴിലാളികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	തൊഴിൽ നികുതി ഈടാക്കാനുള്ള അർദ്ധ വർഷങ്ങൾ
1	KSCSC Ltd മാവേലി സ്റ്റോർ, വട്ടപ്പാറ	I St & II Nd Half
2	ഹിൽ റിസോർട്ട്, കാന്തിപ്പാറ	I St & II Nd Half
3	APCOS, മേലേ ചെമ്മണ്ണാർ	I St & II Nd Half
4	APCOS, സേനാപതി	I St & II Nd Half
5	APCOS, മുക്കടി	I St & II Nd Half
6	APCOS, കുത്തുങ്കൽ	I St & II Nd Half
7	APCOS, വട്ടപ്പാറ	I St & II Nd Half
8	APCOS, മാങ്ങാത്തൊട്ടി	I St & II Nd Half
9	BSNL, സേനാപതി	I St & II Nd Half
10	SSM കോളേജ്, രാജാക്കാട്	I St & II Nd Half
11	മാർ ബേസിൽ വി.എച്ച്.എസ്.എസ്, സേനാപതി	II Nd Half

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/16.03.2022) നികുതി 31.03.2022-നകം അടപ്പിച്ചുകൊള്ളാം എന്ന മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്. 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടം 3 പ്രകാരം അർദ്ധ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. മേൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

1-11-1 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

2020-21 സാമ്പത്തിക വർഷം ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	തൊഴിൽ നികുതി ഈടാക്കാനുള്ള അർദ്ധ വർഷങ്ങൾ
1	മാവേലി സ്റ്റോർ, വട്ടപ്പാറ	I St & II Nd Half
2	APCOS, സേനാപതി	I St & II Nd Half
3	APCOS, മുക്കടി	I St & II Nd Half

4	APCOS, മാങ്ങാത്തൊട്ടി	I St & II Nd Half
5	BSNL, സേനാപതി	I St & II Nd Half
6	SSM കോളേജ്, രാജാക്കാട്	I St & II Nd Half
7	യൂണിയൻ ബാങ്ക്, മാങ്ങാത്തൊട്ടി	II Nd Half

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (1/16.03.2022) സെക്രട്ടറി സമർപ്പിച്ച മറുപടിയിൽ, നികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടം 8 പ്രകാരം സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

1-12 ഇ-ടെണ്ടർ ഫാറ വില പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല

അഞ്ച് ലക്ഷം രൂപയിലധികം അടങ്കലുള്ള കരാർ പ്രവൃത്തികൾ ഇ-ടെൻഡർ നടപടി ക്രമങ്ങൾ പാലിച്ചാണ് നടപ്പാക്കേണ്ടതെന്ന് ധനകാര്യ വകുപ്പിന്റെ 30.04.2015-ലെ ജി.ഒ(പി)1288/15 നമ്പർ ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് നടപ്പിലാക്കുന്ന മരാമത്ത് പ്രോജക്ടുകളുടെ ടെണ്ടർ ഫോം വിലയും നിരതദ്രവ്യവും ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ ജില്ലാപഞ്ചായത്തിലെ മരാമത്ത് വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലേക്കാണ് ഒടുക്കുന്നത്. ഗ്രാമപഞ്ചായത്ത് 2020-21 സാമ്പത്തിക വർഷം ഇ-ടെൻഡർ നടപടികളിലൂടെ 25 പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും പ്രസ്തുത തുകകൾ (ടെൻഡർ ഫോം വില + ടെൻഡർ വിജയിയായ കരാറുകാരന്റെ മാത്രം നിരതദ്രവ്യം) ഗ്രാമപഞ്ചായത്തിന് നാളിതുവരെ കൈമാറി ലഭിച്ചിട്ടില്ല. വിവിധ കരാറുകാർ ഈയിനങ്ങളിൽ ഒടുക്കിയ തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

സാമ്പത്തികവർഷം	പ്രവൃത്തികളുടെ എണ്ണം	ഫോം വില (₹)
2020-21	25	188335

ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ട പ്രസ്തുത തുക ലഭിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

1-13 അസി.എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ വൻതുക ചെലവാകാതെ അവശേഷിക്കുന്നു

പദ്ധതി നിർവ്വഹണത്തിനായി അസി. എഞ്ചിനീയറുടെ പേരിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, രാജകുമാരി ശാഖയിൽ നിലവിലുള്ള 67103376742 നമ്പർ അക്കൗണ്ടിൽ 31.03.2020-ൽ ₹2,07,480.40-ഉം ഓഡിറ്റ് തീയതിയിൽ ₹2,24,560/-ഉം നീക്കിയിരിപ്പുള്ളതായി കാണുന്നു. ഇതിൽ ₹10,681/- ഓഫീസ് ചെലവുകൾക്കായി തൻവർഷം ലഭിച്ച ₹25,000/-ന്റെ നീക്കിയിരിപ്പാണെന്നും ബാക്കിയുള്ള തുകയിൽ മുൻ കാലങ്ങളിലെ ചെലവാകാത്ത പദ്ധതി പണം, വിവിധ സ്ഥാപനങ്ങളിലേയ്ക്ക് ഒടുക്കേണ്ട തുകകൾ പലിശ എന്നിവ അടങ്ങിയിട്ടുണ്ടെന്നും ഇവയുടെ വർഷം, ഇനം തിരിച്ചുള്ള വിശദാംശം ലഭ്യമല്ലെന്നും അസി. എഞ്ചിനീയർ അറിയിക്കുകയുണ്ടായി. ഈ തുക പരിശോധിച്ച് പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് മാറ്റേണ്ടതാണ്.

1-14 കാലഹരണപ്പെട്ട നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയിട്ടില്ല

കേരള ഫിനാൻഷ്യൽ കോഡ് വാല്യം I, അനുച്ഛേദം 282 അനുസരിച്ച്, 3 വർഷത്തിലധികമായി അവകാശമുന്നയിക്കപ്പെടാതെ ശേഷിക്കുന്ന സിവിൽ നിക്ഷേപങ്ങൾ കാലഹരണപ്പെടുന്നതാണ്. പ്രസ്തുത കാലപരിധി കഴിഞ്ഞ

പല നിക്ഷേപങ്ങളും ഗ്രാമപഞ്ചായത്ത് ഋണബാധ്യത കണക്കുകളിൽ നിലനിർത്തിയിട്ടുള്ളതായി കാണുന്നു. കരാറുകാർ, വിതരണക്കാർ എന്നിവരിൽ നിന്ന് സ്വീകരിച്ച നിരതദ്രവ്യം, ഇവരുടെ സെക്യൂരിറ്റി നിക്ഷേപം, ഇലക്ഷൻ നിക്ഷേപം, ലേല നിക്ഷേപം, ഹാൾ-ഓഡിറ്റോറിയം വാടക നിക്ഷേപം തുടങ്ങിയ ഇനങ്ങളിലായി 2013-14 മുതലുള്ള തുകകളാണ് ഇത്തരത്തിൽ ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിരിക്കുന്നത്.

ഇനം	തുക (₹)	പ്രസ്തുത തുക നിക്ഷേപിച്ച സാമ്പത്തിക വർഷം
വിതരണക്കരാറുകാരുടെ സെക്യൂരിറ്റി നിക്ഷേപം	5000	2014-15
ലേല നിക്ഷേപം	29500	2014-15
കരാറുകാരുടെ സെക്യൂരിറ്റി നിക്ഷേപം	2500	2013-14
ഹാൾ-ഓഡിറ്റോറിയം വാടക നിക്ഷേപം	1000	2015-16

2019 മാർച്ച് 31-ന് മുമ്പ് നിക്ഷേപിക്കപ്പെട്ടതും കണക്കുകളിൽ നിലനിർത്തിയിട്ടുള്ളതുമായ തുകകൾ ഇതിനോടകം കാലഹരണപ്പെട്ടിട്ടുള്ളതിനാൽ അവ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടി കണക്കുകൾ യഥാവിധി ക്രമീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്. തദനുസരണം രജിസ്റ്ററിലും ആവശ്യമായ മാറ്റങ്ങൾ വരുത്തേണ്ടതാണ്.

1-15 ഒരേ തീയതിയിലെ വാഹന ടിപ്പ് ഷീറ്റുകൾ രണ്ട് പദ്ധതികളിൽ ഉൾപ്പെടുത്തി തുക കൈപ്പറ്റി

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഗ്രാമപഞ്ചായത്ത് സെക്രട്ടറി.

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് PHC മെഡിക്കൽ ഓഫീസർ വാഹനം ഉപയോഗിച്ചതിന് "കോവിഡ് രോഗപ്രതിരോധ പ്രവർത്തനങ്ങൾ, പരിരക്ഷാപ്രവർത്തനങ്ങൾ " (142/21), "ദുരന്ത നിവാരണ പ്രവർത്തനങ്ങൾ " (173/21) എന്നീ പ്രോജക്ടുകളിലൂടെ സെക്രട്ടറി വാടകയിനത്തിൽ തുക അനുവദിച്ചിട്ടുണ്ട്. ധനാഭ്യർത്ഥനയ്ക്കൊപ്പം സെക്രട്ടറിയ്ക്ക് കൈമാറിയ ടിപ്പ് ഷീറ്റുകളിൽ അപാകതയുള്ളതായി പരിശോധനയിൽ കണ്ടെത്തി. ശ്രീ. ജോസഫ് എം.ഡി.-യുടെ ഉടമസ്ഥതയിലുള്ള KL1-1892 എന്ന നമ്പർ ജീപ്പാണ് മെഡിക്കൽ ഓഫീസർ ഉപയോഗിച്ചത്. ഓരോ ടിപ്പിനും ₹800/- വീതമാണ് ഈടാക്കിയിരിക്കുന്നത്. ഇതേ വാഹനം തന്നെ മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പാലിയേറ്റീവ് കെയറിലെ ഹോം കെയറിനും ഉപയോഗിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലും സെക്രട്ടറി തുക അനുവദിച്ച മേൽ സൂചിത പദ്ധതികളിലും ഉൾപ്പെടുത്തിയിരിക്കുന്ന ടിപ്പ് ഷീറ്റുകൾ ഒത്തുനോക്കി പരിശോധിച്ചതിൽ, ഒരേ തീയതിയിൽ ഒരേ സമയം പ്രസ്തുത വാഹനം രണ്ടു പ്രോജക്ടുകൾക്കായും ഉപയോഗിച്ചിരുന്നുവെന്ന് രേഖപ്പെടുത്തി തയ്യാറാക്കിയ ടിപ്പ് ഷീറ്റുകൾ അടിസ്ഥാനമാക്കിയാണ് തുക അനുവദിച്ചതെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	പദ്ധതി നം./ബിൽ നം./തീയതി/തുക ₹	തീയതി	സെക്രട്ടറി നടപ്പാക്കിയ പദ്ധതിയിലെ ടിപ്പ് ഷീറ്റ് നമ്പർ	മെഡിക്കൾ ഓഫീസർ നടപ്പാക്കിയ പാലിയേറ്റീവ് കെയർ പദ്ധതിയിലെ ടിപ്പ് ഷീറ്റ് നമ്പർ	ടിപ്പ് ഷീറ്റിലെ തുക (₹)
1	കോവിഡ് രോഗബാധയുടെ പ്രതിരോധ പ്രവർത്തനങ്ങൾ, പരിരക്ഷാപ്രവർത്തനങ്ങൾ	16.07.2020	59	21	800

	(142/21) 20100752011000908397/07.01.2021				
2	₹36,000/-	27.08.2020	75	5	800
3	20100752011000908392/07.01.2021 ₹23,200/-	15.12.2020	38	22	800
4		30.12.2020	43	7	800
5		27.11.2020	86	12	800
6	ദുരന്ത നിവാരണ പ്രവർത്തനങ്ങൾ (173/21) 20100752011001416990/29.03.2021 ₹21,600/-	04.02.2021	19	1	800
7		05.02.2021	20	2	800
8		06.02.2021	21	3	800
9		20.02.2021	25	12	800
10		22.01.2021	10	11	800
11		29.01.2021	13	16	800
12		30.01.2021	14	17	800
13	20100752011001445220/30.03.2021 ₹6,400/-	03.03.2021	1	3	800
14		17.03.2021	4	13	800
				ആകെ	11200

ഒരേ തീയതിയിൽ വാഹനം ഉപയോഗിച്ചിരിക്കുന്നതായുള്ള ട്രിപ്പ് ഷീറ്റുകൾ രണ്ട് പദ്ധതികളിലും ഉൾപ്പെടുത്തി തുക കൈപ്പറ്റിയതിന് വിശദീകരണമെന്തെങ്കിലും സമർപ്പിക്കുവാനുള്ള പക്ഷം ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് എൻകൃയറി (നം.5/18.03.2022) നല്കിയെങ്കിലും മറുപടി ലഭിച്ചില്ല. പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി തുക കൈമാറിയത് സെക്രട്ടറിയാണെങ്കിലും അതിനുവേണ്ടി ട്രിപ്പ് ഷീറ്റ് തയ്യാറാക്കി അദ്ദേഹത്തിന് നല്കിയത് മെഡിക്കൽ ഓഫീസർ ആയതിനാൽ ഗ്രാമ പഞ്ചായത്തിനുണ്ടായ ₹11,200/- നഷ്ടത്തിന് ഉത്തരവാദി മെഡിക്കൽ ഓഫീസർ മാത്രമാണ്. ഒരേ തീയതിയിൽ ഒന്നിലധികം ട്രിപ്പ് ഷീറ്റുകൾ തയ്യാറാക്കുന്നത് വ്യാജരേഖ ചമയ്ക്കലിന് തുല്യമാണ്. ഒരു വാഹനത്തിന് ഒന്നിലധികം ട്രിപ്പ് ഷീറ്റ് ബുക്കുകൾ ഒരേ സമയം ഉപയോഗിക്കുന്നുണ്ടെന്നുള്ള സംഗതിയും ഈയവസത്തിൽ ശ്രദ്ധേയമാണ്.

ഗ്രാമപഞ്ചായത്തിനുണ്ടായ ₹11,200/- നഷ്ടം ഉത്തരവാദിയായ മെഡിക്കൽ ഓഫീസറിൽ നിന്ന് ഈടാക്കേണ്ടതാണ്.

1-16 പ്രാഥമിക ആരോഗ്യകേന്ദ്രത്തിന് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണമായി ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ (PHC) നടപ്പാക്കിയ താഴെപ്പറയുന്ന പദ്ധതികൾ പ്രകാരം മരുന്ന് വാങ്ങലിന് KMSCL-ന് തുക നൽകിയെങ്കിലും മരുന്ന് പൂർണമായി ലഭ്യമായിട്ടില്ല.

പദ്ധതി	ചെലവ് വിവരങ്ങൾ	ലഭ്യമായ മരുന്നുകളുടെ വില (₹)	ലഭ്യമാകേണ്ട മരുന്നുകളുടെ വില (₹)
പാലിയേറ്റീവ് കെയർ പദ്ധതി (4/21)	ബിൽ നം.9/30.10.20 ₹80,545/- 20100752008700658530 തീ. 30.10.20	11996	68549

പി.എച്ച്.സി.-യ്ക്ക് മരുന്ന് വാങ്ങൽ (53/21)	ബിൽ നം.6/23.09.20 ₹2,00,000/- 21007520087005269 69 തീ. 23.09.20	81368	118632

മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-17 ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്ന് പൂർണ്ണമായി ലഭ്യമായില്ല

മെഡിക്കൽ ഓഫീസർ (ISM) നടപ്പാക്കിയ താഴെ പറയുന്ന പദ്ധതി പ്രകാരം മരുന്ന് വാങ്ങലിന് ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ(ഐ.എം.) ലിമിറ്റഡിന് തുക നൽകിയെങ്കിലും മരുന്ന് പൂർണ്ണമായി ലഭ്യമായിട്ടില്ല.

പദ്ധതി	ചെലവ് വിവരങ്ങൾ	ലഭ്യമായ മരുന്നുകളുടെ വില (₹)	ലഭ്യമാകേണ്ട മരുന്നുകളുടെ വില (₹)
ആയുർവ്വേദ ആശുപത്രിയ്ക്ക് മരുന്ന് വാങ്ങൽ (166/21)	ബിൽ നം.6/13.01.2021 ₹3,05,000/- 7/23.03.2021 ₹1,00,000/- 20100752008500711 78 തീ. 10.11.2020 20100752008501269 686 തീ. 17.03.2021	400001	4999

പ്രസ്തുത മരുന്നുകൾ ലഭ്യമാക്കാനുള്ള നപടികൾ സ്വീകരിക്കേണ്ടതാണ്.

1-18 ഇലക്ഷൻ നിക്ഷേപം കണ്ടുകെട്ടാൻ നടപടികളായില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 144(4) വകുപ്പ് അനുസരിച്ച്, തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലേക്ക് നടക്കുന്ന തെരഞ്ഞെടുപ്പിൽ ആകെ പോൾ ചെയ്യപ്പെട്ട സാധുവായ വോട്ടുകളുടെ ആറിൽ ഒന്ന് (1/6) എണ്ണം വോട്ടുകൾ കരസ്ഥമാക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപ തുക പഞ്ചായത്ത് ഫണ്ടിലേക്ക് കണ്ടുകെട്ടേണ്ടതാണ്. നിക്ഷേപ രജിസ്റ്റർ പ്രകാരം പ്രസ്തുത ഇനത്തിൽ തൻവർഷം ₹47,000/- വരവുണ്ട്. എന്നാൽ 2020 ഡിസംബർ മാസം നടന്ന തെരഞ്ഞെടുപ്പിൽ വിജയവും പ്രസ്തുത എണ്ണം വോട്ടും ലഭിക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപം കണ്ടുകെട്ടാൻ നടപടികളായിട്ടില്ല. വരണാധികാരിയിൽ നിന്ന് ലഭിച്ച തെരഞ്ഞെടുപ്പ് ഫലം അടിസ്ഥാനപ്പെടുത്തി പ്രസ്തുത നിക്ഷേപം പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാൻ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-19 അസി. എൻജിനിയറുടെ വാഹന വാടക തനത് ഫണ്ടിൽ നിന്ന് വഹിക്കുന്നു

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 14.03.2018-ലെ ജി.ഒ(പി)690/2018 നമ്പർ ഉത്തരവനുസരിച്ച് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ അസി. എൻജിനിയർക്ക് തന്റെ ഔദ്യോഗിക കൃത്യനിർവഹണത്തിന്റെ ഭാഗമായി നടത്തുന്ന യാത്രകൾക്ക് ഒരു വാഹനം വാടകയ്ക്ക് എടുത്ത് നൽകാവുന്നതാണ്. സേനാപതി ഗ്രാമപഞ്ചായത്തിലെ അസി. എൻജിനിയറും തൻവർഷം പ്രസ്തുത ഉത്തരവിലെ നിർദ്ദേശാനുസരണം വാടക വാഹനം ഉപയോഗിച്ചിട്ടുണ്ട്. തനത് ഫണ്ട് ലഭ്യത കുറവുള്ള ഗ്രാമപഞ്ചായത്തുകൾക്ക് വാഹന വാടക ആസ്തി സംരക്ഷണ ഗ്രാന്റിൽ നിന്ന് കണ്ടെത്താമെന്നും പ്രസ്തുത ഉത്തരവിൽ വ്യവസ്ഥ

ചെയ്തിട്ടുണ്ടെങ്കിലും നിർവ്വഹണ ഉദ്യോഗസ്ഥയെന്ന നിലയിൽ അസി. എൻജിനീയർ തൻവർഷം നടത്തിയ ഇത്തരം യാത്രകൾക്കുള്ള വാഹന വാടക തനത് ഫണ്ടിൽ നിന്നാണ് വഹിച്ചിട്ടുള്ളത്. തൻവർഷത്തെ യാത്രകൾക്ക് ചെലവഴിച്ച തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

യാത്രകളുടെ കാലയളവ്	ചെലവഴിച്ച തുക ₹	ചെക്ക് നം./തീയതി
2020 മെയ്, ജൂൺ മാസങ്ങൾ	15700	23371/തീ. 21.08.2020
2021 ഫെബ്രുവരി, മാർച്ച് മാസങ്ങൾ	4500	13395/തീ. 15.04.20201

തനത് ഫണ്ട് വളരെ പരിമിതമായതിനാൽ നിത്യനിദാന ചെലവുകൾക്ക് പോലും സർക്കാർ ഗ്രാന്റിനെ ആശ്രയിക്കുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനമാണ് സേനാപതി ഗ്രാമപഞ്ചായത്ത്. തനത് ഫണ്ടിന്റെ തൻവർഷത്തെ യഥാർത്ഥ ചിത്രം ചുവടെ നൽകുന്നു.

ഇനം	തുക (₹)
മുന്നിരിപ്പ്	(-) 75,401
നികുതി-നികുതിയിതര വരുമാനങ്ങൾ	30,69,093
ആകെ റവന്യൂ വരുമാനം	2993692
പൊതു ആവശ്യ ഗ്രാന്റ്	62,95,123
തൻവർഷത്തെ ആകെ തനത് ഫണ്ട് വരവുകൾ	92,88,815
തനതു ഫണ്ടിൽ നിന്നും വഹിച്ച ആകെ ഭരണ-അനിവാര്യ -പൊതു ചെലവുകൾ	10352600
വരവിൽ അധികരിച്ച ചെലവ്	10,63,785

നാമമാത്രമാണ് വാഹന വാടകയിനത്തിലുള്ള ചെലവെങ്കിലും ഇത്തരം ആവർത്തന ചെലവുകൾക്ക് പ്രത്യേക പ്രോജക്ടുകളിലൂടെ തുക കണ്ടെത്താനാകുന്ന സാധ്യതകൾ പരിഗണിക്കാതെ അവ പൂർണ്ണമായും തനത് ഫണ്ടിൽ നിന്ന് വഹിക്കുന്നത് പരിമിതമായ വരുമാന സ്രോതസുകൾ മാത്രം കൈമുതലായുള്ള ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് വലിയ സമ്മർദ്ദമാണ് സൃഷ്ടിക്കുന്നത്. ആസ്തി സംരക്ഷണ ഗ്രാന്റ് (റോഡിതര വിഭാഗം) ഫണ്ട് ഇത്തരം ആവശ്യങ്ങൾക്ക് വിനിയോഗിക്കാവുന്നതാണെന്ന് സർക്കാർ വിശദമാക്കിയിട്ടുള്ളതാണ്. പ്രസ്തുത ഫണ്ടിന്റെ തൻവർഷ ചെലവ് 73 ശതമാനം മാത്രമായിരുന്നുവെന്ന വസ്തുതയും വേറിട്ട് കാണേണ്ടതാണ്. തനത് ഫണ്ട് സംരക്ഷിക്കുന്നതിനും സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനുമായി ഭാവിയിൽ ഇത്തരം ആവർത്തന ചെലവുകൾക്ക് സർക്കാർ നിർദ്ദേശാനുസരണം പ്രത്യേക പ്രോജക്ടുകൾ തയ്യാറാക്കി വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

1-20 കുടിവെള്ള പദ്ധതികളുടെ പമ്പ്സെറ്റുകൾ മാറ്റി സ്ഥാപിക്കൽ- പഴയവ ലേലം ചെയ്ത് മുതൽക്കൂട്ടിയില്ല.

പഞ്ചായത്തിൽ വിവിധ കുടിവെള്ള പദ്ധതികളുടെ പമ്പ് സെറ്റുകൾ കേടായത് മാറ്റി തൻവർഷം പുതിയവ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ കേടായവ നന്നാക്കാനുള്ള സാധ്യത ആരായുകയോ ലേലം ചെയ്ത് മുതൽക്കൂട്ടുകയോ ചെയ്തിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

പദ്ധതി നം.	പേര്	ചെലവ് തുക ₹
58/21	ആവണക്കുംചാൽ എസ്. സി. കോളനി കുടിവെള്ള പദ്ധതി	33598
77/21	അഞ്ചുമുക്ക് കുടിവെള്ള പദ്ധതി	19566
84/21	അരിവിളംചാൽ ടൈബൽ എൽ. പി. എസ്. കുടിവെള്ള പദ്ധതി	49331

കുടിവെള്ള പദ്ധതികളുടെ പഴയ പമ്പ് സെറ്റുകൾ മാറ്റുമ്പോൾ അവ ലേലം ചെയ്ത് മുതൽക്കൂട്ടുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

1-21 വാഹന വാടക രേഖകളുടെ പിൻബലമില്ലാതെ അനുവദിച്ചു

വൗച്ചർ നം.	220000219/തീ. 14.07.2020, ചെക്ക് നം.23617/14.07.2020
ചെലവ് തുക	₹19,200/-

കോവിഡ്-19 ലോക്ക്ഡൗൺ വേളയിൽ ഹോം ക്വാറന്റൈനിലായ വ്യക്തികളുടെ വീടുകൾ സന്ദർശിക്കുന്നതിനും വേണ്ട സഹായങ്ങൾ ചെയ്യുന്നതിനുമായി പി.എച്ച്.സി മെഡിക്കൽ ഓഫീസർ വാടകയ്ക്ക് എടുത്തിരുന്ന KLI-1892 നമ്പർ ജീപ്പിന്റെ ഏപ്രിൽ, മെയ് മാസങ്ങളിലെ വാടകയിനത്തിൽ ₹19,200/- മേൽ പരാമർശിത വൗച്ചർ പ്രകാരം വാഹന ഉടമയായ ശ്രീ. എം. ഡി. ജോസഫിന് അനുവദിച്ചിട്ടുണ്ട്. പ്രതിദിനം ₹800/- നിരക്കിൽ 24 ദിവസത്തെ തുക അനുവദിക്കുന്നതായി വൗച്ചറിന്റെ വിശദീകരണത്തിൽ പറയുന്നുവെങ്കിലും 11 ദിവസത്തെ ട്രിപ്പ് ഷീറ്റുകളുടെ പകർപ്പ് മാത്രമാണ് വൗച്ചറിനൊപ്പം സൂക്ഷിച്ചിട്ടുള്ളത് (01.05.20, 02.05.20, 04.05.20, 05.05.20, 06.05.20, 09.05.20, 13.05.20, 20.05.20, 27.05.20, 28.05.20, 29.05.20). യഥാർത്ഥ ട്രിപ്പ് ഷീറ്റുകളില്ലാതെയും അവയുടെ ആധികാരകത ഉറപ്പിക്കാതെയും തുക അനുവദിച്ച നടപടി ക്രമപ്രകാരമുള്ളതല്ല (വ്യാജമായ ട്രിപ്പ് ഷീറ്റുകളുടെ അടിസ്ഥാനത്തിൽ തുക പിൻവലിക്കപ്പെട്ട സാഹചര്യം സംബന്ധിച്ച പരാമർശം ഈ റിപ്പോർട്ടിൽ അന്യത്ര ചേർത്തിട്ടുള്ളത് കാണുക). സബ് വൗച്ചറുകളുടെ പിൻബലമില്ലാതെ ബാക്കി തുക അനുവദിച്ച നടപടിയും ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആകയാൽ ട്രിപ്പ് ഷീറ്റുകൾ അടിസ്ഥാനമാക്കാതെ അനുവദിച്ച ₹10,400/- (19200-8800) ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണ്. യഥാർത്ഥ ട്രിപ്പ് ഷീറ്റുകൾ ഹാജരാക്കാത്തതിനാൽ നിരാകരണ ശേഷമുള്ള ₹8,800/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഈ വിഷയത്തിൽ വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.3/തീ. 17.03.2022) മറുപടി ലഭ്യമാക്കിയില്ല.

1-22 കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങൾ - അവലോകനം

ലോകരാജ്യങ്ങളെ മുഴുവൻ പ്രതിസന്ധിയിലാക്കിയ കോവിഡ് മഹാമാരിയെ പ്രതിരോധിക്കുന്നതിന് 2020-21 വർഷവും തുടർന്നും വിവിധങ്ങളായ പ്രവർത്തനങ്ങളിലൂടെ ഗ്രാമപഞ്ചായത്തും പങ്കാളിത്തം വഹിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും സെക്രട്ടറി കൺവീനറായും ഹെൽപ്പ് ഡെസ്ക് രൂപീകരിക്കുകയും പ്രതിരോധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും ചെയ്തു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി യൂത്ത് വോളന്റിയർമാർക്കും വാർഡ്തല ജാഗ്രതാ സമിതികൾക്കും പരിശീലനം നൽകി നിയമിച്ചിട്ടുണ്ട്. ജീവൻരക്ഷാ മരുന്നുകൾ, സാനിറ്റൈസർ, മാസ്ക് തുടങ്ങിയവയും മറ്റ് പ്രതിരോധ സാമഗ്രികളും വാങ്ങി യഥാവിധി വിതരണം ചെയ്യുന്നതിലും ശുചിത്വ കിയോസ്കുകൾ സ്ഥാപിക്കുന്നതിലും അണുനശീകരണം നടത്തുന്നതിലും പ്രത്യേക ശ്രദ്ധ പുലർത്തിയിട്ടുണ്ട്. പഞ്ചായത്ത്തല കോവിഡ് പ്രതിരോധ കമ്മിറ്റി രൂപീകരിച്ച് സ്ഥിതിഗതികൾ യഥാസമയം നിരീക്ഷിക്കുകയും തുടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്താനായി രൂപീകരിച്ച മോണിട്ടറിംഗ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ തൃപ്തികരമാണ്. ലോക്ക് ഡൗൺ കാലയളവിൽ ദുരിതം അനുഭവിച്ച സാധുജനങ്ങൾക്ക് കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ആരംഭിച്ച കമ്മ്യൂണിറ്റി കിച്ചണിലൂടെ ആഹാരം പാകം ചെയ്ത് നൽകിയിരുന്നു. ഇത് ആരംഭിക്കുന്നതിന് ₹1,77,000/- കുടുംബശ്രീയിൽ നിന്ന് ലഭിക്കുകയും ഗ്രാമപഞ്ചായത്ത് ഫണ്ടിൽനിന്ന് ₹1,53,000/- ചെലവഴിച്ച് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തു.

സുഭിക്ഷ കേരളം പദ്ധതി പ്രകാരം തരിശുഭൂമി ഗ്രാമപഞ്ചായത്ത് നേതൃത്വത്തിൽ എറ്റെടുത്ത് കൃഷി ചെയ്യുന്നതിനും ശ്രമങ്ങൾ നടന്നിട്ടുണ്ട്. ലോക്ക് ഡൗൺ കാലയളവിലും ഭരണസമിതിയും വിവിധ കമ്മിറ്റികളും നിയമപ്രകാരം ഓൺലൈനായി യോഗം ചേർന്ന് സാഹചര്യങ്ങൾ വിലയിരുത്തുകയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്തിരുന്നു. പഞ്ചായത്തിന്റെ സംയോജിതമായ ഇടപെടൽ കോവിഡ് വ്യാപനത്തെ ഒരു പരിധിവരെ തടയുവാൻ സഹായകമായിട്ടുണ്ട്.

ഭാഗം -2

വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

2-1 കെട്ടിട നികുതി കുറവായി അസസ്സ് ചെയ്ത - ₹16,947/-യുടെ നഷ്ടം

1. ശ്രീമതി. പ്രവീണ. കെ., എന്ന വ്യക്തി പെന്റഗൺ ബ്ലോക്ക് എന്ന പേരിൽ സിമന്റ് കട്ട നിർമ്മാണ വ്യവസായം നടത്തുന്ന കെട്ടിടത്തിന്റെ ഉപയോഗക്രമം പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

അസംബ്ലി കെട്ടിടം, കല്യാണ മണ്ഡപം, ലോഡ്ജ് എന്ന ഗണത്തിൽ പെട്ട മേൽ കെട്ടിടത്തിൽ 2020-21 വർഷമാണ് സിമന്റ് കട്ട നിർമ്മാണ വ്യവസായം തുടങ്ങുന്നതിനുള്ള ലൈസൻസിനായി ഗ്രാമപഞ്ചായത്തിൽ അപേക്ഷ നൽകിയത്. ലൈസൻസ് നൽകിയപ്പോൾ കെട്ടിടത്തിന്റെ ഉപയോഗക്രമം അസസ്സ്മെന്റ്/ഡിമാന്റ് രജിസ്റ്ററുകളിൽ മാറ്റം വരുത്തിയില്ല. അതിനാൽ പഞ്ചായത്തിന് വസ്തുനികുതിയിനത്തിൽ ₹16,160/-യുടെ കുറവ് വാർഷികമായി ഉണ്ടാകുന്നു. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

വിവരണം	അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം നിർണ്ണയിച്ച വസ്തുനികുതി	ഈടാക്കേണ്ടിയിരുന്ന വസ്തു നികുതി	കുറവ്
കെട്ടിട നമ്പർ	3/327		
കെട്ടിട ഉടമസ്ഥന്റെ പേര്	ആൽബിൻ ബേബി, പുൽപറമ്പിൽ		
കെട്ടിടത്തിന്റെ തരം	അസംബ്ലി കെട്ടിടം, കല്യാണ മണ്ഡപം, ലോഡ്ജ് എന്ന ഗണം	ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ	
അടിസ്ഥാന വസ്തു നികുതി റേറ്റ്	₹40	₹55/-	
വിസ്തീർണ്ണം	₹1,026/-	₹1,026/-	
അടിസ്ഥാന വസ്തു നികുതി	40 X 1026= ₹41,040/-	55 X 1026= ₹56,430/-	
ഇളവ് (10വർഷം മുതൽ 25 വർഷത്തിന് താഴെ)	10%	10%	
വർദ്ധനവ് 10% (പ്രഥമ മേഖല)	10%		
വാർഷിക വസ്തു നികുതി	₹41,040/-	₹56,430/-	₹15,390
ലൈബ്രറി സെസ്സ്	₹2,052/-	₹2,822/-	₹770
ആകെ വസ്തു നികുതി	₹43,092/-	₹59,252/-	₹19,160
ഒടുക്കിയ വസ്തു നികുതി	₹43,092/- (Rt No. 6058611000204 Dtd 22.12.2021)	ഇല്ല	

കെട്ടിടത്തിന്റെ ഉപയോഗക്രമം അസസ്സ്മെന്റ്/ഡിമാന്റ് രജിസ്റ്ററുകളിൽ മാറ്റേണ്ടതും കുടിശ്ശിക ഉൾപ്പെടെ വസ്തു നികുതി ഈടാക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 2/17.03.2022) മറുപടി ലഭ്യമാക്കിയില്ല. വസ്തു നികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2. 2020-21 സാമ്പത്തിക വർഷം പുതുതായി കെട്ടിട നമ്പർ അനുവദിച്ച, സേനാപതി സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് K.387 പ്രസിഡന്റിന്റെ പേരിലുള്ള കെട്ടിടത്തിന്റെ ഉപയോഗക്രമം പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

വാണിജ്യാവശ്യത്തിനുള്ള 100ച. മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റ്, ഷോപ്പുകൾ എന്നതിന് പകരം 100 ച. മീറ്ററിന് താഴെ തറ വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ നിരക്കിൽ വസ്തു നികുതി നിർണ്ണയിച്ചിരിക്കുന്നു.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

വിവരണം	അസസ്സ്മെന്റ് രജിസ്റ്റർ പ്രകാരം നിർണയിച്ച വസ്തു നികുതി	നിർണ്ണയിക്കേണ്ടിയിരുന്ന വസ്തു നികുതി	കുറവ്
കെട്ടിട നമ്പർ	2/339 E		
കെട്ടിട ഉടമസ്ഥന്റെ പേര്	പ്രസിഡന്റ്, സേനാപതി സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് K.387		
കെട്ടിടത്തിന്റെ തരം	വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണ്ണം ഉള്ള റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഹോട്ടൽ	വാണിജ്യാവശ്യത്തിനുള്ളവ 100 ചതുരശ്ര മീറ്ററിന് മുകളിൽ തറവിസ്തീർണ്ണം ഉള്ള റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഹോട്ടൽ	
അടിസ്ഥാന വസ്തു നികുതി റേറ്റ്	₹55/-	₹60/-	
വിസ്തീർണ്ണം	125 M2	125 M2	
അടിസ്ഥാന വസ്തു നികുതി	55 X 125 = 6875	60 X 125= 7500	
ഇളവ്	ഇല്ല	ഇല്ല	
വർദ്ധനവ് (വഴിസൗകര്യം)	20%	20%	
വാർഷിക വസ്തു	₹8,250/-	₹9,000/-	₹750

നികുതി			
ലൈബ്രറി സെസ്സ്	₹413/-	₹450/-	₹37
ആകെ വസ്തു നികുതി	₹8,663/-	₹9,450/-	₹787
ഒടുക്കിയ വസ്തു നികുതി	₹8,663/- (Rt No. 120030100036 Dtd 19.05.2020)	ഇല്ല	

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല (നം. 4/18.03.2022). വസ്തുനികുതി നിർണ്ണയത്തിൽ വന്ന ₹787/-യുടെ കുറവ് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഭാഗം -3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 ഒരേ തീയതിയിലെ വാഹന ടിപ്പ് ഷീറ്റുകൾ രണ്ട് പദ്ധതികളിൽ ഉൾപ്പെടുത്തി തുക കൈപ്പറ്റി

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഗ്രാമപഞ്ചായത്ത് സെക്രട്ടറി

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് PHC മെഡിക്കൽ ഓഫീസർ വാഹനം ഉപയോഗിച്ചതിന് "കോവിഡ് രോഗപ്രതിരോധ പ്രവർത്തനങ്ങൾ, പരിരക്ഷാ പ്രവർത്തനങ്ങൾ " (142/21), "ദുരന്ത നിവാരണ പ്രവർത്തനങ്ങൾ" (173/21) എന്നീ പ്രോജക്ടുകളിലൂടെ സെക്രട്ടറി വാടകയിനത്തിൽ തുക അനുവദിച്ചിട്ടുണ്ട്. ധനാഭ്യർത്ഥനയ്ക്കൊപ്പം സെക്രട്ടറിയ്ക്ക് കൈമാറിയ ടിപ്പ് ഷീറ്റുകളിൽ അപാകതയുള്ളതായി പരിശോധിച്ചതിൽ കണ്ടെത്തി. ശ്രീ. ജോസഫ് എം. ഡി.-യുടെ ഉടമസ്ഥതയിലുള്ള KL1-1892 എന്ന നമ്പർ ജീപ്പാണ് മെഡിക്കൽ ഓഫീസർ ഉപയോഗിച്ചത്. ഓരോ ടിപ്പിനും ₹500/- വീതമാണ് ഈടാക്കിയിരിക്കുന്നത്. ഇതേ വാഹനം തന്നെ മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പാലിയേറ്റീവ് കെയറിലെ ഹോം കെയറിനും ഉപയോഗിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലും സെക്രട്ടറി തുക അനുവദിച്ച മേൽ സൂചിത പദ്ധതികളിലും ഉൾപ്പെടുത്തിയിരിക്കുന്ന ടിപ്പ് ഷീറ്റുകൾ ഒത്തുനോക്കി പരിശോധിച്ചതിൽ, ഒരേ തീയതിയിൽ ഒരേ സമയം പ്രസ്തുത വാഹനം രണ്ട് പ്രോജക്ടുകൾക്കായും ഉപയോഗിച്ചിരുന്നുവെന്ന് രേഖപ്പെടുത്തി തയ്യാറാക്കിയ ടിപ്പ് ഷീറ്റുകൾ അടിസ്ഥാനമാക്കിയാണ് തുക അനുവദിച്ചതെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പദ്ധതി നം./ബിൽ നം./തീയതി/തുക ₹	തീയതി	സെക്രട്ടറി നടപ്പാക്കിയ പദ്ധതിയിലെ ടിപ്പ് ഷീറ്റ് നമ്പർ	മെഡിക്കൾ ഓഫീസർ നടപ്പാക്കിയ പാലിയേറ്റീവ് കെയർ പദ്ധതിയിലെ ടിപ്പ് ഷീറ്റ് നമ്പർ	ടിപ്പ് ഷീറ്റിലെ തുക (₹)
1	കോവിഡ് രോഗബാധയുടെ പ്രതിരോധ പ്രവർത്തനങ്ങൾ, പരിരക്ഷാപ്രവർത്തനങ്ങൾ (142/21)	16.07.2020	59	21	800

2	20100752011000908397/07.01.2021, ₹36,000/-	27.08.2020	75	5	800
3	20100752011000908392/07.01.2021/23200	15.12.2020	38	22	800
4		30.12.2020	43	7	800
5		27.11.2020	86	12	800
6	ദുരന്ത നിവാരണ പ്രവർത്തനങ്ങൾ(173/21) 20100752011001416990/29.03.2021/21600	04.02.2021	19	1	800
7		05.02.2021	20	2	800
8		06.02.2021	21	3	800
9		20.02.2021	25	12	800
10		22.01.2021	10	11	800
11		29.01.2021	13	16	800
12		30.01.2021	14	17	800
13	20100752011001445220/30.03.2021/6400	03.03.2021	1	3	800
14		17.03.2021	4	13	800
				ആകെ	11200

ഒരേ തീയതിയിൽ വാഹനം ഉപയോഗിച്ചിരിക്കുന്നതായുള്ള ട്രിപ്പ് ഷീറ്റുകൾ രണ്ട് പദ്ധതികളിലും ഉൾപ്പെടുത്തി തുക കൈപ്പറ്റിയതിന് വിശദീകരണമെന്തെങ്കിലും സമർപ്പിക്കുവാനുള്ളപക്ഷം ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് എൻക്വയറി (നം.5) നല്കിയെങ്കിലും മറുപടി ലഭിച്ചില്ല. പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി തുക കൈമാറിയത് സെക്രട്ടറിയാണെങ്കിലും അതിനുവേണ്ടി ട്രിപ്പ് ഷീറ്റ് തയ്യാറാക്കി അദ്ദേഹത്തിന് നല്കിയത് മെഡിക്കൽ ഓഫീസർ ആയതിനാൽ ഗ്രാമ പഞ്ചായത്തിനുണ്ടായ ₹11,200/- നഷ്ടത്തിന് ഉത്തരവാദി മെഡിക്കൽ ഓഫീസർ മാത്രമാണ്. ഒരേ തീയതിയിൽ ഒന്നിലധികം ട്രിപ്പ് ഷീറ്റുകൾ തയ്യാറാക്കുന്നത് വ്യാജരേഖ ചമക്കലിന് തുല്യമാണ്. ഒരു വാഹനത്തിന് ഒന്നിലധികം ട്രിപ്പ് ഷീറ്റ് ബുക്കുകൾ ഒരേ സമയം ഉപയോഗിക്കുന്നുണ്ടെന്നുള്ള സംഗതിയും ഈ അവസത്തിൽ ശ്രദ്ധേയമാണ്.

ഗ്രാമ പഞ്ചായത്തിനുണ്ടായ ₹11,200/- നഷ്ടം ഉത്തരവാദിയായ മെഡിക്കൽ ഓഫീസറിൽ നിന്ന് ഈടാക്കേണ്ടതാണ്.

3-2 വാഹന വാടക - രേഖകളുടെ പിൻബലമില്ലാതെ അനുവദിച്ചു

വൗച്ചർ നം.	220000219/തീ. 14.07.2020, ചെക്ക് നം. 23617/14.07.2020

ചെലവ് തുക	₹19,200/-

കോവിഡ്-19 ലോക്ക് ഡൗൺ വേളയിൽ ഹോം ക്വാറന്റൈനിലായ വ്യക്തികളുടെ വീടുകൾ സന്ദർശിക്കുന്നതിനും വേണ്ട സഹായങ്ങൾ ചെയ്യുന്നതിനുമായി പി.എച്ച്.സി. മെഡിക്കൽ ഓഫീസർ വാടകയ്ക്ക് എടുത്തിരുന്ന KLI-1892 നമ്പർ ജീപ്പിന്റെ ഏപ്രിൽ, മെയ് മാസങ്ങളിലെ വാടകയിനത്തിൽ ₹19,200/- മേൽ പരാമർശിത വൗച്ചർ പ്രകാരം വാഹന ഉടമയായ ശ്രീ. എം. ഡി. ജോസഫിന് അനുവദിച്ചിട്ടുണ്ട്. പ്രതിദിനം ₹800/- നിരക്കിൽ 24 ദിവസത്തെ തുക അനുവദിക്കുന്നതായി വൗച്ചറിന്റെ വിശദീകരണത്തിൽ പറയുന്നുവെങ്കിലും 11 ദിവസത്തെ ട്രിപ്പ് ഷീറ്റുകളുടെ പകർപ്പ് മാത്രമാണ് വൗച്ചറിനൊപ്പം സൂക്ഷിച്ചിട്ടുള്ളത്. (01.05.20, 02.05.20, 04.05.20, 05.05.20, 06.05.20, 09.05.20, 13.05.20, 20.05.20, 27.05.20, 28.05.20, 29.05.20). യഥാർത്ഥ ട്രിപ്പ് ഷീറ്റുകളില്ലാതെയും അവയുടെ ആധികാരകത ഉറപ്പിക്കാതെയും തുക അനുവദിച്ച നടപടി ക്രമപ്രകാരമുള്ളതല്ല (വ്യാജമായ ട്രിപ്പ് ഷീറ്റുകളുടെ അടിസ്ഥാനത്തിൽ തുക പിൻവലിക്കപ്പെട്ട സാഹചര്യം സംബന്ധിച്ച പരാമർശം ഈ റിപ്പോർട്ടിൽ അന്യത്ര ചേർത്തിട്ടുള്ളത് കാണുക). സബ് വൗച്ചറുകളുടെ പിൻബലമില്ലാതെ ബാക്കി തുക അനുവദിച്ച നടപടിയും ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ആകയാൽ ട്രിപ്പ് ഷീറ്റുകൾ അടിസ്ഥാനമാക്കാതെ അനുവദിച്ച ₹10,400/- (19200-8800) ഓഡിറ്റിൽ നിരാകരിക്കുന്നു. ടി തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്ന് ഈടാക്കേണ്ടതാണ്. യഥാർത്ഥ ട്രിപ്പ് ഷീറ്റുകൾ ഹാജരാക്കാത്തതിനാൽ നിരാകരണ ശേഷമുള്ള ₹8,800/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ഈ വിഷയത്തിൽ വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.5/തീ. 18.03.2022) മറുപടി ലഭ്യമാക്കിയില്ല.

ഭാഗം -4
പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി	സർട്ടിഫിക്കറ്റ് നമ്പർ/തീയതി
2020-21	ഓഡിറ്റിനോടൊപ്പം പരിശോധിച്ചു	-

4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

തുക ലഭ്യമാക്കിയ സ്ഥാപനം	വർഷം	തുക	പദ്ധതി	ചെലവ് തുക ₹	ബാക്കി ₹
ഇടുക്കി ജില്ലാ പഞ്ചായത്ത്	2020-21	60000	ക്ഷീര കർഷകർക്ക് ധനസഹായം	60000	0
നെടുംങ്കണ്ടം ബ്ലോക്ക് പഞ്ചായത്ത്		1078000	ലൈഫ് ഭവന പദ്ധതി	0	1078000
		180475	ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവരുടെ സ്കോളർഷിപ്പ്	180475	0

4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പരാമർശിക്കുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ

നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	വൗച്ചർ നം./ ചെക്ക് നം.	മുൻകൂർ നൽകിയ തുക ₹	ചെലവഴിച്ച തുക ₹	ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹
കെ.എസ്.ഇ.ബി ഉടുമ്പൻചോല	ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ	22000766/16.02.2021	49931	0	49931

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

- - ഇല്ല - -

4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം ചേർക്കുന്നു.

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നം./ തീയതി	വായ്പ തുക ₹	തൻ വർഷം ലഭിച്ച തുക ₹	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി ഉണ്ടായിരുന്ന തുക ₹	തൻവർഷം തിരിച്ചടച്ച തുക ₹		വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹
					മുതൽ	പലിശ	
ഇ.എം.എസ് ലോൺ	സ.ഉ(സാ)നം.229/ 2040/ത.സ്വ.ഭ.വ തീ.21.01.2010	ലഭ്യമല്ല		574000	574000	0	0
ഹഡ്കോ ലോൺ (ലൈഫ്)	സ.ഉ.(സാ)നം. 111/18/ത.സ്വ.ഭ.വ തീ.13.08.2018	17000000	5440000	26710198	2459137	0	28051061
ജവഹർ ഭവന പദ്ധതി	ലഭ്യമല്ല	ലഭ്യമല്ല		4640000	800000	0	3840000

4-6 സ്ഥിര നിക്ഷേപം

- - ഇല്ല - -

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹11,284/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഭാഗം/ഖണ്ഡിക	ഈടാക്കിയ തുക ₹	ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും	രസീത് നം./തീയതി
2018-19	1-19	11284	ശ്രീമതി. അജിത പി. കുമാരൻ അസി. എഞ്ചിനീയർ	120030101588/ 06.02.2021

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2002-03	3.35.3	2006-07	2-2	നിയമപരമായ രജിസ്റ്ററുകൾ എഴുതുന്നില്ല	
2007-08	2-4	2011-12	3-8 3-10	ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ലാത്ത ഗുണഭോക്താക്കൾക്ക് ധനസഹായം ₹95,000/-, ₹17,978/-	
2015-16	2-2	2016-17	അനുബന്ധം 4	വസ്തുനികുതി അപാകതകൾ	

4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

- - ഇല്ല - -

4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

മുന്നിരിപ്പ്	₹3590131
ഓഡിറ്റ് വർഷത്തെ ആകെ വരവ്	₹54154682
ആകെ	₹57744813
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	₹50856251
നീക്കിയിരിപ്പ്	₹6888562
വരവിനങ്ങളിലുള്ള നഷ്ടം	₹16947
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	₹21600
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	₹8800

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക (₹)		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ്ജ് ചെയ്യാവുന്നവ	സർചാർജ്ജ് ചെയ്യാവുന്നവ	
2-1	16140	-	ശ്രീ. മനോജ് ബാബു, സെക്രട്ടറി
3-1	-	11200	ഡോ. ഗോപിനാഥൻ മോഹൻ, മെഡിക്കൽ ഓഫീസർ
3-2	-	10400	ശ്രീ. മനോജ് ബാബു, സെക്രട്ടറി

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക	തുക	ഉത്തരവാദിയായ ആളുടെ പേരും

നമ്പർ	₹	ഉദ്യോഗപ്പേരും
1-21	8800	ശ്രീ. മനോജ് ബാബു, സെക്രട്ടറി

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	തുക ₹	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
2-1	807	ശ്രീ. മനോജ് ബാബു, സെക്രട്ടറി

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

- - ഇല്ല - -

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ഡോ. ഗോപിനാഥൻ മോഹൻ മെഡിക്കൽ ഓഫീസർ	മെഡിക്കൽ ഓഫീസർ സേനാപതി പി.എച്ച്.സി.	മാളിയേക്കൽ രാജാക്കാട് പി. ഒ. രാജാക്കാട്, ഇടുക്കി
ശ്രീ. മനോജ് ബാബു സെക്രട്ടറി	സെക്രട്ടറി സേനാപതി ഗ്രാമപഞ്ചായത്ത്	കോനാട്ട് മുത്തോലി പി. ഒ. കോട്ടയം

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	റിമാർക്സ്
1975-76	എൽ.എഫ്.ഐ-8/64/99 തീ.16.02.99		
1976-77	എൽ.എഫ്.ഐ-8/64/99 തീ.16.02.99		
1977-78	എൽ.എഫ്.ഐ-8/64/99 തീ.16.02.99		
1978-79	എൽ.എഫ്.ഐ-8/64/99 തീ.16.02.99		
1979-80	എൽ.എഫ്.ഐ-8/64/99 തീ.16.02.99		
1980-81	എൽ.എഫ്.ഐ-8/64/99 തീ.16.02.99		
1981-82	എൽ.എഫ്.ഐ-8/64/99 തീ.16.02.99		
1982-83	എൽ.എഫ്.ഐ-8/64/99 തീ.16.02.99		
1983-84	എൽ.എഫ്.ഐ-8/64/99 തീ.16.02.99		
1984-85	എൽ.എഫ്.ഐ-8/64/99 തീ.16.02.99		
1985-86	എൽ.എഫ്.ഐ-8/64/99 തീ.16.02.99		
1986-87	എൽ.എഫ്.ഐ-5/680/90 തീ.27.08.90		
1987-88	എൽ.എഫ്.ഐ-5/502/91 തീ.11.09.91		

1988-89	എൽ.എഫ്.ഐ-5/615/92 തീ.26.06.1993		
1989-90	എൽ.എഫ്.ഐ-5/615/92 തീ.26.06.1993		
1990-91	എൽ.എഫ്.ഐ-5/615/92 തീ.26.06.1993		
1991-92	എൽ.എഫ്.ഐ-5/590/93 തീ.16.04.1994		
1992-93	എൽ.എഫ്.ഐ-5/590/93 തീ.16.04.1994		
1993-94	എൽ.എഫ്.ഐ-5/485/96,തീ.27.10.96		
1994-95	എൽ.എഫ്.ഐ-5/415/96 തീ.10.10.1996		
2000-01	കെ.എസ്.എ-ഐ.ഡി.കെ12/692/2018 തീ.18.10.18	1	28
2001-02	കെ.എസ്.എ-ഐ.ഡി.കെ12/692/2018 തീ.18.10.18	1	2-1
2002-03	കെ.എസ്.എ-ഐ.ഡി.കെ12/692/2018 തീ.18.10.18	1	2-5
2006-07	കെ.എസ്.എ-ഐ.ഡി.കെ12/1046/2018 തീ.8.05.12	14	2-1,2-2,2-3,2-4,3-1, 3-2,3-3,3-4,3-5,3-6, 3-7,3-8,3-9,3-10
2007-08	എൽ.എഫ്.ഐ-12/1210/10 തീ.12.10.11	14	2-1,2-2,2-3,2-4,3-1, 3-2,3-3,3-4,3-5,3-6, 3-7,3-8,3-9,3-10
2008-09	എൽ.എഫ്.ഐ-12/642/13 തീ.5.6.14	13	2-1,2-2,2-3,2-4,3-1, 3-2,3-3,3-4, 3-5, 3-6, 3-7, 3-8, 3-9, 3-10
2009-10	എൽ.എഫ്.ഐ-12/689/13 തീ.16.10.14	10	2-1,2-2,3-1,3-2,3-3, 3-4,3-5,3-6,3-7,3-8
2010-11	എൽ.എഫ്.ഐ-12/778/14 തീ.3.2.15	14	2-1,2-2,2-3,2-4,3-1, 3-2,3-3,3-4,3-5,3-6,3-7, 3-8,3-9,3-10
2011-12	എൽ.എഫ്.ഐ-12/152/15 തീ.12.03.15	12	3-1, 3-2, 3-3,3-4, 3-5, 3-6, 3-7,3-8, 3-9, 3-10, 3-11,3-12, 3-13, 3-14
2012-13&2013-14	എൽ.എഫ്.ഐ-12/1142/15 തീ.09.10.15	7	2-1,3-1,3-2,3-3,3-4, 3-5,3-6
2014-15	എൽ.എഫ്.ഐ-12/1318/16	3	2-2,3-3,3-4
2015-16	കെ.എസ്.എ-ഐ.ഡി.കെ12/452/2017 തീ.18.04.17	7	2-1,2-2,2-3,3-1, 3-2,3-3,3-4
2016-17	കെ.എസ്.എ-ഐ.ഡി.കെ12/1662/2017	8	2-1,2-2,2-3,3-1,3-2, 3-3,3-4,3-5
2017-18	കെ.എസ്.എ-ഐ.ഡി.കെ12/55/2019 തീ.12.02.19	15	2-2,2-3,2-4,2-5,3-1, 3-3,3-4,3-5,3-6,3-7,3-8, 3-9,3-10,3-11,3-12
2018-19	കെ.എസ്.എ-ഐ.ഡി.കെ.12/787/2020 തീ.02.11.20/9.11.20	14	1-11, 1-12, 1-13, 1-14, 1-15, 1-17, 1-18, 1-19, 1-20, 1-21, 1-22, 1-23, 1-24, 4-2
2019-20	കെ.എസ്.എ-ഐ.ഡി.കെ.12/546/2021 തീ.15.11.2021	10	1-12, 1-13, 1-14, 1-15, 1-16, 1-17(a), 1-21, 3-1, 4-8, 4-11

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

അനുബന്ധം-1

ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ സേനാപതി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ സേനാപതി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്